07
തിങ്കൾ
നവംബർ 2022
1198 തുലാം 21
Vol 4 Issue No 312

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com



## വിവാദ കത്ത് എഴുതിയത് മേയറല്ല; വ്യാജ കത്ത് തയ്യാറാക്കിയവരെ കണ്ടുപിടിച്ചോട്ടെ – എം.വി ഗോവിന്ദൻ

**തിരുവനന്തപുരം:** തിരുവനന്തപുരം നഗരസഭയിലെ താത്കാലിക ഒഴിവുകളിലേക്ക് പാർട്ടിക്കാരെ നിയമിക്കാൻ പട്ടിക ആവശ്യപ്പെടുന്നതായ വിവാദ കത്ത് താൻ എഴുതിയതല്ലെന്ന് മേയർ ആര്യ രാജേന്ദ്രൻ തന്നെ വ്യക്തമാക്കിക്കഴിഞ്ഞെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. കത്ത് വ്യാജമാണെന്ന് മേയർ തന്നെ വ്യക്തമാക്കിയതാണെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജോലി ഒഴിവുകളിലേക്ക് സിപിഎമ്മുകാരെ പിൻവാതിലിലൂടെ തിരുകിക്കയറ്റുന്ന സംവിധാനം പാർട്ടിക്കില്ല. പിന്നെ എങ്ങനെയാണ് ഇത് സംഭവിക്കുക ?. കത്ത് കിട്ടിയില്ലെന്നാണ് സിപിഎം ജില്ലാ സെക്രട്ടറിയും പറഞ്ഞത്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തട്ടെ. ഈ വിഷയത്തിൽ സിപിഎമ്മിനും ഇടതുമുന്നണിക്കും എതിരായി വലിയ പ്രചാരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. സിപിഎമ്മിന് ഒളിച്ചുവെക്കാൻ ഒന്നുമില്ല. കത്ത് തയ്യാറാക്കിയവരെ കണ്ടുപടിച്ചോട്ടെ. 295 തസ്തികകളിലേക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുമെന്ന് മന്ത്രി വ്യക്തമാക്കിക്കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.തിരുവനന്തപുരം മേയറെ കാണാനില്ലന്ന ബിജെപിയുടെ വിമർശനം അദ്ദേഹം തള്ളി. മേയർ കോഴിക്കോടുനിന്ന് വന്നുകൊണ്ടിരിക്കുകയാണ്. മേയറെ കാണുന്നതോടെ ബിജെപി നിലപാടുമാറ്റുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം നഗരസഭയിലെ താത്കാലിക തസ്തികകളിലേക്ക് പാർട്ടിക്കാരെ നിയമിക്കാൻ മുൻഗണനാ പട്ടിക നൽകണമെന്ന് ആവശ്യപ്പെട്ട് മേയറുടെ ഔദ്യോഗിക ലെറ്റർപാടിൽ സിപിഎം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പന് എഴുതിയ കത്ത് പുറത്തുവന്നത് സംബന്ധിച്ച ചോദ്യങ്ങളോടാണ് സിപിഎം സംസ്ഥാന സെക്രട്ടറി പ്രതികരിച്ചത്.

ഗവർണറുടെ ചാൻസലർ പദവി റദ്ദാക്കുന്നത് സംബന്ധിച്ച ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി നൽകി. കേരള സർക്കാർ നിർമിച്ച നിയമത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഗവർണറുടെ ചാൻസലർ പദവിയും അധികാരങ്ങളും. അവ നൽകണോ എന്നകാര്യത്തിൽ ആവശ്യമായ നിലപാട് സർക്കാർ സ്വീകരിക്കും. ബില്ലുകൾ തടഞ്ഞുവച്ച ഗവർണറുടെ നടപടി നിയമപരമായും ഭരണഘടനാപരമായും എങ്ങനെ കൈകാര്യം ചെയ്യണമെന്നകാര്യം സർക്കാർ ആലോചിച്ചുവരികയാണ്.

ബില്ലുകളിൽ ഒപ്പുവയ്ക്കുന്നത് ഗവർണർക്ക് അനന്തമായി നീട്ടിക്കൊണ്ടുപോകാനാകില്ല. ഒപ്പിടാം, തിരിച്ചയയ്ക്കാം, അല്ലാത്തപക്ഷം രാഷ്ട്രപതിക്കയക്കാം. എന്നാൽ നിയമപരമല്ലാത്ത കാര്യമാണ് ഗവർണറും ചെയ്തുകൊണ്ടിരിക്കുന്നത്. ഗവർണർക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുമോ എന്ന ചോദ്യത്തിന് ഏതറ്റംവരെയും പോകുമെന്ന് അദ്ദേഹം മറുപടി നൽകി. ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള നിലപാടും ഈ വിഷയത്തിൽ സ്വീകരിക്കും. വർഗീയ ധ്രുവീകരണത്തിന് വിദ്യാഭ്യാസ മേഖലയെ എങ്ങനെ ഉപയോഗിക്കാമെന്ന തരത്തിലുള്ള പ്രവർത്തനമാണ് ഗവർണറെ ഉപയോഗിച്ചുകൊണ്ട് ആർഎസ്എസ്സും സംഘപരിവാറും നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷ പാർട്ടികളായ കോൺഗ്രസും ബിജെപിയും മറ്റ് വർഗീയ ശക്തികളും ബിജെപി അജണ്ട നടപ്പാക്കാൻ ശ്രമിക്കുന്ന ഗവർണർക്ക് അനുകൂല നിലപാട് സ്വീകരിക്കുന്നു.

സംസ്ഥാന സർക്കാരിനെ പിരിച്ചുവിടാൻ ഗവർണർ രാഷ്ട്രപതിയോട് ശുപാർശ ചെയ്യണമെന്നാണ് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ ആവശ്യപ്പെട്ടത്. ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചപ്പോൾ താൻ അങ്ങനെയല്ല ഉദ്ദേശിച്ചത് എന്നുപറഞ്ഞ് നിലപാട് മാറ്റിയെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ വിമർശനമുന്നയിച്ചു.




## ഭരണത്തുടർച്ച ലഭിച്ചാൽ ഹിമാചലിലും ഏക സിവിൽകോഡ് നടപ്പാക്കും; വാഗ്ദാനവുമായി ബി.ജെ.പി

**ഷിംല:** ഹിമാചൽ പ്രദേശ് തിരഞ്ഞെടുപ്പിന് ഒരാഴ്ചയിൽ താഴെ മാത്രം ബാക്കിനിൽക്കെ തിരഞ്ഞെടുപ്പ് പ്രകടനപത്രിക പുറത്തിറക്കി ബിജെപി. അധികാരത്തുടർച്ച ലഭിച്ചാൽ ഏക സിവിൽ കോഡ് നടപ്പാക്കും എന്നതാണ് വാഗ്ദാനങ്ങളിൽ പ്രധാനം. അടുത്ത മാസം തിരഞ്ഞെടുപ്പ് നടക്കുന്ന ഗുജറാത്തിലും സമാനമായ നീക്കം ബിജെപി നടത്തിയിരുന്നു.

ഏക സിവിൽകോഡ് അടക്കം 11 പ്രധാന വാഗ്ദാനങ്ങളാണ് ഹിമാചലിൽ പുറത്തിറക്കിയ പ്രകടനപത്രികയിൽ ബിജെപി പ്രഖ്യാപിച്ചിരിക്കുന്നത്. സർക്കാർ മേഖലയിലടക്കം എട്ടു ലക്ഷം തൊഴിൽ, മലയോര സംസ്ഥാനമായ ഹിമാചലിൽ എല്ലാ ഗ്രാമങ്ങളേയും ബന്ധിപ്പിക്കുന്നതിന് കാലവസ്ഥയ്ക്ക് അനുയോജ്യമായ റോഡ് അടക്കമുള്ള അടിസ്ഥാന സൗകര്യ വികസനം. ഒമ്പത് ലക്ഷത്തോളം കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്ന പദ്ധതി, ആത്മീയ ടൂറിസം മേഖല വികസിപ്പിക്കൽ, അഞ്ച് പുതിയ മെഡിക്കൽ കോളേജുകൾ, മൊബൈൽ ക്ലിനിക് വാഹനങ്ങൾ ഇരട്ടിപ്പിക്കൽ, യുവാക്കൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 900 കോടി തുടങ്ങിയ വാഗ്ദാനങ്ങളും ഇതിൽ ഉൾപ്പെടുന്നു.


ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി നഡ്ഡയുടെ നേതൃത്വത്തിലായിരുന്നു പ്രകടനപത്രിക പുറത്തിറക്കിയത്. ഇതിനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടനുസരിച്ച് ബിജെപി സർക്കാർ ഏക സിവിൽ കോഡ് നടപ്പാക്കുമെന്നും അതിന് പാർട്ടി പ്രതിജ്ഞാബദ്ധമാണെന്നും നഡ്ഡ വ്യക്തമാക്കി.



## ഗ്രാമവണ്ടിക്കും സിറ്റി സർക്കുലറിനും അംഗീകാരം; കേന്ദ്ര സർക്കാരിന്റെ പുരസ് കാരം ഏറ്റുവാങ്ങി KSRTC

**തിരുവന്തപുരം:** ഏറ്റവും മികച്ച പൊതുഗതാഗത സംവിധാനങ്ങൾക്കായുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരം കെഎസ്ആർടിസി ഏറ്റുവാങ്ങി. കേന്ദ്ര ഭവന-നഗര കാര്യ വകുപ്പാണ് പുരസ്കാരം ഏർപ്പെടുത്തിയത്. സിറ്റി സർക്കുലർ സർവീസിനും ഗ്രാമവണ്ടി പദ്ധതിക്കുമാണ് പുരസ്കാരം ലഭിച്ചത്. ഏറ്റവും മികച്ച പൊതുഗതാഗത സംവിധാനമുള്ള നഗരം എന്ന വിഭാഗത്തിൽ സിറ്റി സർക്കുലർ സർവീസിന് നഗര ഗതാഗത പുരസ്കാരവും ഏറ്റവും മികച്ച പൊതുജന പങ്കാളിത്തത്തോടെയുള്ള ഗതാഗത ആസൂത്രണ വിഭാഗത്തിൽ ഗ്രാമവണ്ടിക്ക് ഏറ്റവും മികച്ച നഗരഗതാഗത പുരസ്കാരവുമാണ് ലഭിച്ചത്.ഇന്ത്യയിലെ എല്ലാ നഗര പ്രദേശങ്ങളിലേയും പൊതു ഗതാഗതം ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികളാണ് അവാർഡിന് പരിഗണിച്ചിരുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി എന്ന പേരിൽ ആരംഭിച്ച നൂതന സംരംഭത്തിനും ഏറ്റവും മാതൃകാപരമായതും പൊതു ജനപങ്കാളിത്തമുള്ളതുമായ പദ്ധതി എന്ന നിലയിലുള്ള പുരസ്കാരമാണ് ലഭിച്ചത്. ഈ പദ്ധതിയിൽ പൊതുജനങ്ങളും,വകുപ്പുകളും, സ്ഥാപനങ്ങളും, വ്യക്തികളും, പൊതുജനസേവത്തിനായി മുതൽ മുടക്കുന്നത് ഇന്ത്യയിലെ നഗര ഗതാഗത സംവിധാനത്തിലെ അതി നൂതന ചുവടുവെപ്പാണ്.തിരുവന്തപുരം നഗരത്തിലെ സിറ്റി സർവീസുകൾ സമഗ്രമായി പരിഷ്കരിക്കുകയും 66 ബസുകൾ ഉപയോഗിച്ച് രാവിലെ ഏഴു മണി മുതൽ വൈകുന്നേരം ഏഴു മണി വരെ സിറ്റി സർക്കുലർ സർവീസ് നടത്തുകയും, പ്രതിദിനം ഏകദേശം 4000 യാത്രക്കാരിൽ നിന്ന് 34000 യാത്രക്കാർ എന്ന നിലയിലേക്ക് വളരുകയും ചെയ്തതും, ഇതിന് അനുബന്ധം ആയി 150 ഓളം സിറ്റി ഷട്ടിൽ, സിറ്റി റേഡിയേൽ എന്നീ സർവീസുകളും തിരുവന്തപുരം നഗരത്തിൽ ഓപ്പറേറ്റ് ചെയ്തത് വഴി നഗര ഗതാഗത്തിന്റെ പുതിയ മുഖം നൽകിയതിനുമാണ് ഏറ്റവും നല്ല ഗതാഗത സംവിധാനം എന്ന വിഭാഗത്തിലുള്ള അവാർഡ് ലഭിച്ചത്.കൊച്ചിയിൽ നടന്ന അർബൻ മൊബിലിറ്റി ഇന്ത്യയുടെ കോൺഫെറൻസിൽ വച്ച് കേരള ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്നും ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന്റെയും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ ബിജു പ്രഭാകറിന്റെയും സാന്നിധ്യത്തിൽ കെ.എസ്.ആർ.ടി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻ) ജി. പി പ്രദീപ് കുമാറും, എ. താജുദ്ദീൻ സാഹിബ് (സ്പെഷ്യൽ ഓഫീസർ ഗ്രാമവണ്ടി), ജേക്കബ് സാം ലോപ്പസ് ( സിടിഎം സിറ്റി സർവ്വീസ്) ടോണി അലക്സ് ( എടിഒ, ചീഫ് ഓഫീസ്)എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. കേന്ദ്ര ഭവനവും നഗരകാര്യ വകുപ്പ് മന്ത്രിയുമായ കൗശൽ കിഷോറും ചടങ്ങിൽ പങ്കാളിയായി.





## അധികാരമേറ്റതുമുതൽ അപകീർത്തിപ്പെടുത്താൻ ശ്രമം; ഓഫീസിൽ ആരെയും സംശയമില്ല – മേയർ

**തിരുവനന്തപുരം:** അധികാരം ഏറ്റെടുത്തതു മുതൽ തന്നെ അപകീർത്തിപ്പെടുത്താൻ ശ്രമം നടക്കുന്നതായി തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ. തനിക്കു നേരെയുള്ള രാഷ്ട്രീയ ആരോപണങ്ങളുടെ തുടർച്ചയാണ് ഇപ്പോൾ ഉയർന്നിട്ടുള്ള കത്ത് വിവാദമെന്നും അവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വിവാദമായ തരത്തിലുള്ള ഒരു കത്ത് നേരിട്ടോ അല്ലാതെയോ ഒപ്പിടുകയോ ബന്ധപ്പെട്ട സ്ഥലത്തേക്ക് കൊടുത്തു വിടുകയോ ചെയ്തിട്ടില്ല. അതുകൊണ്ടു തന്നെയാണ് കത്തിനു പിന്നിലെ സത്യാവസ്ഥ കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയ്ക്ക് പരാതി നൽകിയത്. കത്തിനു പിന്നിലെ യാഥാർത്ഥ്യം പുറത്തുവരേണ്ടത് തന്റെ കൂടി ആവശ്യമാണ്. കത്തിന്റെ ഒറിജിനൽ കണ്ടിട്ടില്ല. കത്തിലെ ഒപ്പ് വ്യക്തമല്ല. കത്തിൽ എഡിറ്റിംഗ് നടന്നോയെന്ന് സംശയിക്കുന്നതായും ആര്യ കൂട്ടിച്ചേർത്തു.


ഓഫീസിനെ സംശയമില്ല. അത് തന്റെ പദവിയ്ക്കു ചേർന്നതല്ല. ഒരാളെയും സംശയിക്കേണ്ട സാഹചര്യമില്ല. നഗരസഭയിലെ ജീവനക്കാരെ വിശ്വാസമാണ്. നേരത്തെതന്നെ മാതൃഭൂമി അടക്കമുള്ള പത്രങ്ങളിൽ താത്കാലിക തസ്തികകളിലേക്ക് അഭിമുഖത്തിന് അപേക്ഷ ക്ഷണിച്ചുവെന്ന് വാർത്ത വന്നിരുന്നു. പത്രവാർത്തയിലുള്ള ഉള്ളടക്കമാണ് പുറത്തുവന്ന കത്തിലുമുള്ളത്. ഉള്ളടക്കം സംബന്ധിച്ച വിശദാംശങ്ങൾ അന്വേഷണത്തിലേ വ്യക്തമാകൂ.

കത്ത് എവിടെനിന്നാണ് രൂപപ്പെട്ടത് എന്ന് കണ്ടെത്തേണ്ടതിനാണ് മുഖ്യമന്ത്രിക്ക് പരാതി നൽകിയത്. എന്റേതല്ലാത്ത കത്ത് പ്രചരിപ്പിക്കുന്നു. അതിന്റെ ഉറവിടം സംബന്ധിച്ച സത്യാവസ്ഥ കണ്ടെത്തണം. മേയറെന്ന നിലയിൽ തന്നെ അധിക്ഷേപിക്കാൻ ശ്രമിക്കുന്നു. സംഭവങ്ങളുടെ നിജസ്ഥിതി കണ്ടെത്തണം എന്നീ കാര്യങ്ങളാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്. മേയറായി ചുമതല ഏറ്റെടുത്തശേഷം വ്യക്തിപരമായി പോലും ആരോപണങ്ങൾ ഉന്നയിക്കുന്നു. അതിൽ സങ്കടപ്പെട്ടിട്ട് കാര്യമില്ല. പുറത്തുവന്ന കത്ത് ഷെയർചെയ്തത് അടക്കമുള്ള കാര്യങ്ങൾ പാർട്ടി അന്വേഷിക്കേണ്ടതാണ്. മേയറെന്ന നിലയിൽ വേണമെങ്കിൽ അഴിമതി മൂടിവെക്കാം. എന്നാൽ അഴിമതി തടയണമെങ്കിൽ അഴിമതി കണ്ടെത്തുകയും ശക്തമായ നടപടി സ്വീകരിക്കുകയുമാണ് വേണ്ടത്. തനിക്ക് ഒന്നും മറച്ചുവെക്കാനോ ഒളിച്ചുവെക്കോനോ ഇല്ല. എന്നാൽ കള്ളനെ പോലീസ് പിടിക്കുന്നതുപോലെയാണ് മാധ്യമങ്ങൾ പിന്തുടർന്നതെന്നും അവർ വാർത്താ സമ്മേളനത്തിൽ കൂട്ടിച്ചേർത്തു.

വിവാദത്തിന്റെ അടിസ്ഥാനത്തിൽ സുതാര്യത ഉറപ്പാക്കാനാണ് നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് വിട്ടതെന്നും അവർ വാർത്താ സമ്മേളനത്തിൽ വിശദീകരിച്ചു. കത്ത് വിഷയത്തിൽ മുഖ്യമന്ത്രിക്ക് പരാതി നൽകിയശേഷമാണ് മേയർ ആര്യ രാജേന്ദ്രൻ മാധ്യമങ്ങളെ കണ്ടത്.

### ആശാൻ

കത്ത് നൽകുന്ന പതിവില്ല, ഔദ്യോഗിക അന്വേഷണം നടന്നുവരുന്നു- വിശദീകരിച്ച് തിരുവനന്തപുരം നഗരസഭ



തസ്തികകൾ ഉണ്ട് എന്ന് സമ്മതിച്ചത് തന്നെ ഭാഗ്യം. മാറ്റി പറയല്ലേ.

## അപൂർവങ്ങളിൽ അപൂർവമായ കേസ്, മുഹമ്മദ് നിഷാമിന് വധശിക്ഷ നൽകണം'; കേരളം സുപ്രീം കോടതിയിലേക്ക്

**ന്യൂഡൽഹി:** സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ വാഹനമിടിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ വ്യവസായി മുഹമ്മദ് നിഷാമിന് വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട് കേരളം സുപ്രീം കോടതിയെ സമീപിക്കും. ഹൈക്കോടതി ശരിവെച്ച ജീവപര്യന്തം തടവുശിക്ഷയ്ക്കെതിരെ അപ്പീൽ നൽകാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടി.എ. ഷാജി നൽകിയ നിയമോപദേശം സർക്കാർ അംഗീകരിച്ചു. അപൂർവങ്ങളിൽ അപൂർവമായ കേസ് ആയതിനാൽ വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ടാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിക്കുക.

ചന്ദ്രബോസിനെ വാഹനമിടിച്ച് കൊലപ്പെടുത്തിയ നിഷാമിന്റെ നടപടിയെ നിശിതമായ ഭാഷയിലാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിമർശിച്ചത്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്ത് നടന്നത് തികച്ചും സംസ്കാര വിരുദ്ധമായ പ്രവൃത്തിയായിരുന്നു. ഭ്രാന്തമായ ആക്രമണമാണ് ചന്ദ്രബോസിനു നേരേ നിഷാം നടത്തിയതെന്നും വിധിയിൽ ഹൈക്കോടതി നിരീക്ഷിച്ചിരുന്നു.

എന്നാൽ അപൂർവങ്ങളിൽ അപൂർവമായ കേസാണ് ഇതെന്ന സർക്കാർ വാദത്തോട് ഹൈക്കോടതി വിയോജിച്ചിരുന്നു. ഇതിനെതിരെയാണ് സംസ്ഥാന സർക്കാർ അപ്പീലുമായി സുപ്രീം കോടതിയെ സമീപിക്കുന്നത്. സ്റ്റാൻഡിങ് കോൺ



സൽ നിഷേ രാജൻ ഷൊങ്കർ ആണ് സർക്കാരിന്റെ അപ്പീൽ ഫയൽ ചെയ്യുകയെന്ന് ആഭ്യന്തര മന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

ജീവപര്യന്തം തടവിനു പുറമെ വിവിധ വകുപ്പുകളിലായി 24 വർഷം തടവും 80.30 ലക്ഷം രൂപ പിഴയുമായിരുന്നു തൃശ്ശൂർ സെഷൻസ് കോടതി മുഹമ്മദ് നിഷാമിന് വിധിച്ചത്. പിഴത്തുകയിൽ 50 ലക്ഷം രൂപ ചന്ദ്രബോസിന്റെ കുടുംബത്തിന് നൽകാനും നിർദേശിച്ചിരുന്നു. വിചാരണ കോടതിയുടെ വിധി ഹൈക്കോടതി പൂർണ്ണമായും ശരിവെക്കുകയായിരുന്നു.



കേരള പ്രണാമം
editorialkeralapranamam@gmail.com
സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ത്രികോണമത്സരത്തിനാകും ഇക്കുറി ഗുജറാത്ത് സാക്ഷ്യം വഹിക്കുക

ബി.ജെ.പിക്കും കോൺഗ്രസിനും വെല്ലുവിളിയുയർത്തി, ആം ആദ്മി പാർട്ടിയുടെ കടന്നുവരവോടെ ത്രികോണമത്സരത്തിനാകും ഇക്കുറി ഗുജറാത്ത്സാക്ഷ്യം വഹിക്കുക. ബി.ജെ.പിയിൽനിന്ന് അധികാരം തിരിച്ചുപിടിക്കാനുള്ള കോൺഗ്രസിന്റെ പ്രതീക്ഷകളെയാകും എ.എ.പിയുടെ രംഗപ്രവേശം കൂടുതൽ ബാധിക്കുകയെന്നു വിലയിരുത്തപ്പെടുന്നു. ഡൽഹിക്കു പുറത്ത് പഞ്ചാബിലും ഭരണം പിടിച്ച എ.എ.പി, ഗുജറാത്തിൽ നിർണായകശക്തിയാകാമെന്ന പ്രതീക്ഷയിലാണു പ്രചാരണം നയിക്കുന്നത്. 2017–ലെ തെരഞ്ഞെടുപ്പിൽ ഭരണം പിടിക്കാനായില്ലെങ്കിലും നില മെച്ചപ്പെടുത്തിയ കോൺഗ്രസിന്റെ പ്രതീക്ഷകൾക്ക് ഇക്കുറി എ.എ.പി. വിലങ്ങുതടിയായേക്കും. അരവിന്ദ്കെജ്രിവാളിന്റെ എ.എ.പിയും അസദുദ്ദീൻ ഒവൈസിയുടെ എ.ഐ.എം.ഐ.എമ്മും ബി.ജെ.പിയുടെ ബി ടീമാണെന്നു കോൺഗ്രസ് ആരോപിക്കുന്നു.

1995 നു ശേഷം ഗുജറാത്ത്നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. സീറ്റുകളുടെ എണ്ണം കുറഞ്ഞുവരികയാണ്. പക്ഷേ, കഴിഞ്ഞ 27 വർഷമായി അധികാരത്തിൽ തുടരുന്ന ഭരണകക്ഷിക്ക് 50 ശതമാനത്തിനടുത്ത് വോട്ടുവിഹിതമുണ്ട്. കോൺഗ്രസിന് 41 ശതമാനത്തിനടുത്തും. ഈ അവസ്ഥയിലാകും ആപ്പ് പിടിക്കുന്ന വോട്ടുകൾ നിർണായകമാകുക.

2002 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ അക്ഷരാർഥത്തിൽ മോദി തരംഗമായിരുന്നു. 182 അംഗ നിയമസഭയിൽ 127 സീറ്റാണു പാർട്ടി നേടിയത്. കോൺഗ്രസ് 51 സീറ്റിൽ ഒതുങ്ങി. 2007ൽ 117 സീറ്റുകളുമായി മോദി അധികാരം നിലനിർത്തി. 2012 ൽ 115 സീറ്റാണു മോദി നേടിയെടുത്തത്.

2014 പ്രധാനമന്ത്രിസ്ഥാനമേറ്റതോടെയാണു സംസ്ഥാനത്ത് ചെറിയമാറ്റമുണ്ടാകുന്നത്. 2017 ലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. പ്രാതിനിധ്യം 99 സീറ്റുകളിലേക്കു ചുരുങ്ങി. കോൺഗ്രസ് സാന്നിധ്യം 77 ആയി ഉയർന്നു. ഇതോടെ ബി.ജെ.പി. തന്ത്രങ്ങളിലും മാറ്റം വന്നു. കോൺഗ്രസ് പക്ഷത്തുനിന്ന പ്രമുഖർ ബി.ജെ.പിയിലേക്കു കൂറുമാറി. ഇപ്പോൾ കോൺഗ്രസ് നിയമസഭാ കക്ഷിയിലുള്ളത് 62 പേർ മാത്രം.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശക്തമായ യുവ നേതൃത്വം കോൺഗ്രസിനുണ്ടായിരുന്നു. ഹാർദിക് പട്ടേൽ, അൽപേഷ് ഠാക്കൂർ, ജിഗ്നേഷ് മേവാനി എന്നിവർ ബി.ജെ.പിക്കെതിരായി കോൺഗ്രസിന്റെ കുന്തമുനകളായിരുന്നു. ഇവരിൽ ഹാർദികും അൽപേഷും ഇപ്പോൾ ബി.ജെ.പി ക്യാമ്പിലാണ്.

ഹാർദിക്കിന്റെ മൂർച്ചയേറിയ നാവും പട്ടേൽ വിഭാഗത്തിന്റെ പിന്തുണയുമായിരുന്നു കോൺഗ്രസിനു കരുത്ത് പകർന്നത്. എന്നാൽ, ഹാർദിക്കിനൊപ്പം പട്ടേൽ വിഭാഗത്തിലെ വലിയൊരു വിഭാഗം വോട്ടുബാങ്ക് ബി.ജെ.പിക്കൊപ്പമായി.

സംസ്ഥാന നിയമസഭയിൽ എൻ.സി.പി, ബി.ടി.പി. തുടങ്ങിയ പാർട്ടികൾക്കു പ്രാതിനിധ്യമുണ്ടെങ്കിലും വോട്ടിൽചോർച്ചയുണ്ടാക്കാനുള്ള കരുത്തില്ല. 2017 ലെ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം സീറ്റുകളിലും ബി.ജെ.പി–കോൺഗ്രസ് നേർക്കുനേർ പോരാട്ടമായിരുന്നു.

നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. ക്യാമ്പിൽനിന്നു വോട്ട്ചോരുമെങ്കിലും ലോക്സഭാ തെരഞ്ഞെടുപ്പുകളിൽ അതല്ല അവസ്ഥ. 2014, 2019 കളിലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. 60 ശതമാനത്തിലേറെ വോട്ടാണു പിടിച്ചത്. കോൺഗ്രസിനുള്ള പിന്തുണ 30 ശതമാനത്തിൽ ഒതുങ്ങി. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു ഗുജറാത്തിലുള്ള ജനപിന്തുണയാണ് ഈ വൻ വിജയങ്ങൾക്കു പിന്നിൽ. എന്നാൽ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഈ ആനുകൂല്യമില്ലാത്തതാണു കടുത്ത മത്സരം ഉറപ്പാക്കുന്നത്.

ഭരണ വിരുദ്ധ വികാരം ഒഴിവാക്കാൻ വിജയ് രൂപാണിയെ മാറ്റി ഭൂപേന്ദ്ര പട്ടേലിനെ മുൻനിർത്തിയാണു ബി.ജെ.പി. മത്സരത്തിനിറങ്ങുന്നത്.

1995 ലാണ് സംസ്ഥാനത്ത് ആദ്യമായി ബി.ജെ.പി. അധികാരത്തിലേറുന്നത്. കേശുഭായ് പട്ടേൽ സർക്കാരിനെ ശങ്കർസിങ് വഗേലയുടെ സഹായത്തോടെ കോൺഗ്രസ് അട്ടിമറിക്കുകയും ചെയ്തു. പിന്നീട് തെരഞ്ഞെടുപ്പിലൂടെ കേശുഭായ് പട്ടേൽ അധികാരത്തിലെത്തി. 2001 മുതൽ മോദി പ്രഭാവത്തിലായി സംസ്ഥാനം.




## 10 ടൺ സ്വർണം, 15,938 കോടി രൂപ; തിരുപ്പതി ക്ഷേത്രത്തിലെ സ്വത്തുവിവരം പുറത്തുവിട്ട് ട്രസ്റ്റ്

തിരുപ്പതി: തിരുപ്പതി ക്ഷേത്രത്തിന്റെ സ്വത്തുവിവരങ്ങൾ വെളിപ്പെടുത്തി ക്ഷേത്രട്രസ്റ്റ്. ബാങ്കിലെ സ്ഥിരനിക്ഷേപവും സ്വർണ്ണ നിക്ഷേപവുമുൾപ്പെടെയുള്ള കണക്കാണ് ക്ഷേത്ര ട്രസ്റ്റായ തിരുമല തിരുപ്പതി ദേവസ്ഥാനം പുറത്തുവിട്ടത്.

വിവിധ ദേശസാൽകൃത ബാങ്കുകളിലായി 5,300 കോടി രൂപയോളം മൂല്യമുള്ള 10 ടണ്ണിലധികം സ്വർണ്ണ നിക്ഷേപവും 15,938 കോടി രൂപയുടെ ധന നിക്ഷേപവുമുണ്ട്. ട്രസ്റ്റ് പുറത്തു വിട്ട കണക്കു പ്രകാരം ആകെ 2.26 ലക്ഷം കോടി രൂപയുടെ ആസ്തി ക്ഷേത്രത്തിനുണ്ട്. 2019 ൽ 13,025 കോടി രൂപയായിരുന്ന ബാങ്ക് നിക്ഷേപമാണ് 15938 കോടിയായി വർദ്ധിച്ചതെന്ന് ടൈംസ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നു.

ഇന്ത്യയിൽ അങ്ങോളമുള്ള 960 സ്ഥലങ്ങളിലായി 7123 ഏക്കറോളം ഭൂമിയും ക്ഷേത്രത്തിന്റെ കൈവശമുണ്ട്. ക്ഷേത്രത്തിന്റെ പക്കലുള്ള അധിക ഫണ്ട് ആന്ധ്ര സർക്കാരിന് നൽകുമെന്ന വാർത്തകൾ സാമൂഹിക മാധ്യമങ്ങളിലുൾപ്പെടെ വലിയ തോതിൽ പ്രചരിച്ചിരുന്നു. അവ ട്രസ്റ്റ് നിഷേധിച്ചു. അധിക ഫണ്ട് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിക്ഷേപിക്കാനാണ് തീരുമാനമെന്നും ട്രസ്റ്റ് അറിയിച്ചു.




# പ്രതീക്ഷകൾക്കും പ്രതിസന്ധികൾക്കും നടുവിലെ കാലാവസ്ഥാ ഉച്ചകോടി

കയ്റോ: ഒട്ടേറെ പ്രതീക്ഷകൾക്കും പ്രതിസന്ധികൾക്കും നടുവിലാണ് ഇത്തവണത്തെ കാലാവസ്ഥാ ഉച്ചകോടി. ഐക്യരാഷ്ട്ര സഭയുടെ 27–ാമത് കാലാവസ്ഥാ ഉച്ചകോടിക്ക് ( ഇഹജ 27കോൺഫറൻസ് ഓഫ്പാർട്ടീസ്) വേദിയായതാകട്ടെ ഈജിപ്തിലെ ഷറം അൽഷെയ്ഖും. റഷ്യ-യുക്രൈൻ യുദ്ധം സൃഷ്ടിച്ച ഇന്ധന-പ്രകൃതിവാതക ക്ഷാമം മറുഭാഗത്ത്. കാലാവസ്ഥാ വ്യതിയാനങ്ങളും കാർബൺ ബഹിർഗമനവും നേരിടാൻ വേണ്ടത്ര ശ്രമിക്കുന്നില്ലെന്ന വിമർശനവും ഈജിപ്തിൽ പ്രധാന ചർച്ചാ വിഷയങ്ങളാകും.

2021-ൽ ഗ്ലാസ്ഗോ ഉച്ചകോടിയിൽ പൂജ്യം കാർബൺ ബഹിർഗമനം, വനസംരക്ഷണം, കാലാവസ്ഥാ സഹായധനം എന്നിവയുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രതിജ്ഞകൾ രാജ്യങ്ങളെടുത്തിരുന്നു. എന്നാൽ 193 രാജ്യങ്ങളിൽ 23 രാജ്യങ്ങൾ മാത്രമാണ് ഐക്യരാഷ്ട്രസഭയ്ക്ക് തങ്ങളുടെ പദ്ധതി സമർപ്പിച്ചത്.

ഹരിതഗൃഹ വാതക ബഹിർഗമനം വർധിക്കുന്നതു മൂലമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾക്ക് കാരണം സമ്പന്നരാജ്യങ്ങളാണെന്നു കാണിച്ച് വികസ്വരരാജ്യങ്ങൾ അവർക്ക് നഷ്ടപരിഹാരം നൽകണമെന്നതും വർഷങ്ങളായുള്ള ആവശ്യമാണ്. ഇക്കാര്യം ഔദ്യോഗിക അജൻഡയിലുൾപ്പെടുത്തിയില്ലെങ്കിലും ഇതും ചർച്ചാ വിഷയമാകും.

ധനകാര്യം, ശാസ്ത്രം, ലിംഗനീതി, ജലം, ഊർജം, ജൈവവിധ്യവും പരിഹാരങ്ങളും തുടങ്ങിയവയാണ് ഈ വർഷത്തെ ഉച്ചകോടിയിലെ പ്രധാന വിഷയങ്ങൾ. 18 നായിരിക്കും കാലാവസ്ഥാ ഉച്ചകോടി സമാപിക്കുക. ഉച്ചകോടിയുടെ മുന്നോടിയായി ഷറം അൽഷെയ്ഖിനെ ആദ്യത്തെ ഹരിതനഗരമാക്കി മാറ്റിയിരുന്നു.





# മലയാളികളടക്കം 26 ജീവനക്കാരടങ്ങുന്ന ചരക്ക് കപ്പൽ ഗിനിയൻ നേവിയുടെ കസ്റ്റഡിയിൽ

**തിരുവനന്തപുരം:** മലയാളികളടക്കം 26 ജീവനക്കാരടങ്ങുന്ന ചരക്ക് കപ്പൽ ആഫ്രിക്കൻ രാജ്യമായ ഗിനിയ നേവിയുടെ കസ്റ്റഡിയിൽ. 20 ലക്ഷം രൂപ മോചനദ്രവ്യമായി നൽകിയിട്ടും കപ്പൽ വിട്ടയക്കുന്നില്ലെന്നാണ് പരാതി. പണം കെട്ടിവെച്ചിട്ടും കപ്പലിന് യാത്രാനുമതി നൽകാത്തതും ജീവനക്കാരെ വിട്ടയക്കാത്തതും ആശങ്കകൾക്ക് ഇടയാക്കിയിരിക്കുകയാണ്.സംഘത്തിൽ 3 മലയാളികളാണുള്ളത്. സ്ത്രീധനപീഡനത്തെതുടർന്ന് ആത്മഹത്യ ചെയ്ത കൊല്ലം സ്വദേശി വിസ്മയയുടെ സഹോദരൻ വിജിത്ത് കപ്പലിന്റെ നാവിഗേറ്റിങ് ഓഫീസറാണ്.

സൗത്ത് ആഫ്രിക്കയിൽനിന്നും നൈജീരിയയിലേക്ക് ക്രൂഡ് ഓയിൽ നിറക്കാൻ പോയ കപ്പൽ ഓഗസ്റ്റ് 9നാണ് ഗിനിയൻ നാവികസേന കസ്റ്റഡിയിലെടുത്തത്.

അനധികൃതമായി ക്രൂഡ് ഓയിൽ ശേഖരിക്കാനെത്തിയതെന്ന് ആരോപിച്ചായിരുന്നു നൈജീരിയയുടെ നിർദേശപ്രകാരം നടപടിയുണ്ടായത്. പ്രാഥമിക അന്വേഷണത്തെ തുടർന്ന് 20 ലക്ഷം അമേരിക്കൻ ഡോളർ പിഴയിട്ടു. തുടർന്ന് നോർവെ ആസ്ഥാനമായ ഒ.എസ്.എം മാരിടൈം കമ്പനി തുക അടച്ചു. എന്നാൽ തുടരന്വേഷണത്തിനായി ജീവനക്കാരെയടക്കം നൈജീരിയക്ക് കൈമാറാനാണ് ഇപ്പോൾ നീക്കം നടത്തുന്നത്.

ഓഗസ്റ്റ് 9ന് രാത്രി ക്രൂഡ് ഓയിൽ നിറക്കാനായി നങ്കൂരമിട്ടിരിക്കുമ്പോൾ അജ്ഞാതമായ മറ്റൊരു കപ്പൽ സമീപത്തെത്തിയിരുന്നു. കടൽക്കൊള്ളക്കാരാണെന്ന് കരുതി ഉടൻ ഹീറോയിക് ഐഡൻ എന്ന വെസ്സൽ മുന്നോട്ടെടുത്തു. അടുത്ത ദിവസമാണ് തങ്ങളെ സമീപിച്ച കപ്പൽ ഗിനിയൻ നാവികസേനയുടേതാണെന്ന് ജീവനക്കാർ തിരിച്ചറിഞ്ഞത്. നാവികസേനയുടേതാണെന്ന് സൂചന നൽകുന്നതൊന്നും കപ്പലിൽ ഉണ്ടായിരുന്നില്ലെന്നാണ് ജീവനക്കാർ പറയുന്നത്. പിന്നാലെയാണ് പ്രതികാര നടപടികൾ തുടങ്ങിയത്.

അതിനിടെ, ഗിനിയയിൽ നേവിയുടെ കസ്റ്റഡിയിൽ അകപ്പെട്ട 26 ജീവനക്കാരെയും സുരക്ഷിതമായി നാട്ടിലെത്തിക്കാൻ ശ്രമം തുടരുകയാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ പറഞ്ഞു. ജീവനക്കാരെ കസ്റ്റഡിയിലെടുത്തത് അറിഞ്ഞതുമുതൽ വിദേശകാര്യമന്ത്രാലവും എംബസിയും ചർച്ചകൾ നടത്തുകയാണെന്നും വി. മുരളീധരൻ പറഞ്ഞു.

പിടികൂടിയവരെ നൈജീരിയക്ക് കൈമാറാനുള്ള നീക്കം തടയാൻ നൈജീരിയൻ സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും ജീവനക്കാരെ ഗിനിയയിൽനിന്നും നേരിട്ട് നാട്ടിലെത്തിക്കാനാകുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി വാർത്താകുറിപ്പിലൂടെ അറിയിച്ചു.

# പലർക്കും എന്നോട് ദേഷ്യമാണെന്നറിയാം, ഞാനതിൽ ഖേദിക്കുന്നു: ട്വിറ്റർ സ്ഥാപകൻ ജാക്ക് ഡോർസി

ട്വിറ്ററിന്റെ പുതിയ മുതലാളി ഇലോൺ മസ്ക് ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടാൻ തുടങ്ങിയിരിക്കുന്നു. 7500–ഓളം ജീവനക്കാരുള്ള കമ്പനിയിൽ പകുതി പേർക്കും ജോലി നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഖേദപ്രകടനവുമായി രംഗത്തെത്തിയിരിക്കുകയാണ് ട്വിറ്ററിന്റെ സ്ഥാപകൻ ജാക്ക് ഡോർസി. എല്ലാവരുടെയും ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമായതിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്നതായി അദ്ദേഹം പറയുന്നു.

'ട്വിറ്ററിൽ നേരത്തെയുണ്ടായിരുന്നവരും ഇപ്പോഴുള്ളവരും ശക്തരും മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിവുള്ളവരുമാണ്. എത്ര സങ്കീർണമായ നിമിഷത്തിലും അവർ എല്ലായിപ്പോഴും ഒരു വഴി കണ്ടെത്തും. എനിക്കറിയാം പലരും എന്നോട് ദേഷ്യത്തിലാണ്. എല്ലാവരേയും ഈ അവസ്ഥയിലാക്കിയതിന്റെ ഉത്തരവാദിത്വം എന്റേതാണ്. ഞാൻ ഈ കമ്പനിയെ വളരെ പെട്ടെന്ന് വളർത്തി. ഞാൻ അതിൽ ഖേദിക്കുന്നു.' ഡോർസി തന്റെ ട്വീറ്റിൽ പറഞ്ഞു.

'ട്വിറ്ററിൽ ഇക്കാലമത്രയും ജോലി ചെയ്ത എല്ലാവരോടും എനിക്ക് കടപ്പാടുണ്ട്, സ്നേഹമുണ്ട്. ഈ സാഹചര്യത്തിൽ, അത് ഞാൻ തിരികെ പ്രതീക്ഷിക്കുന്നില്ല. എനിക്കത് മനസിലാവും.' അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞയാഴ്ചയാണ് മസ്ക് ട്വിറ്ററിന്റെ ഉടമസ്ഥാവകാശം ഏറ്റെടുത്തത്. കമ്പനിയിൽ നിരവധി മാറ്റങ്ങൾക്ക് തുടക്കമിട്ട മസ്ക് ഒപ്പം ചിലവ് ചുരുക്കുന്നതിന്റെ ഭാഗമായി കമ്പനിയിലെ പകുതിയോളം ജീവനക്കാരെ പിരിച്ചുവിടുകയും ചെയ്തു.

വലിയ പ്രതിഷേധമാണ് ഇതിനെതിരെ ഉയർന്നിരിക്കുന്നത്. മസ്കിന്റെ കീഴിൽ ട്വിറ്ററിന്റെ ഭാവി എന്താകുമെന്ന ആശങ്ക ഒരുവിഭാഗം ഉയർത്തുന്നുണ്ട്. ഈ വിവാദങ്ങൾക്കിടെ പരസ്യ ദാതാക്കൾ കൂട്ടമായി പിൻവാങ്ങിയത് കമ്പനിയെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്നുണ്ടെന്നറിയിച്ച് മസ്ക് തന്നെ രംഗത്തുവന്നിരുന്നു.

2021 നവംബറിലാണ് ഡോർസി ട്വിറ്ററിന്റെ സിഇഒ സ്ഥാനം ഒഴിഞ്ഞത്. അദ്ദേഹത്തിന് പകരമാണ് പരാഗ് അഗ്രവാൾ ചുമതലയേറ്റത്. 2022 ൽ ട്വിറ്ററിന്റെ ബോർഡ് അംഗത്വവും ഡോർസി ഒഴിഞ്ഞു. ഇപ്പോൾ ബ്ലോക്ക് എന്ന സ്ഥാപനത്തിന്റെ സിഇഒ ആണ് ഡോർസി. മാത്രവുമല്ല പുതിയൊരു സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോം നിർമിക്കാനുള്ള ശ്രമവും ഡോർസി നടത്തുന്നുണ്ടെന്ന് റിപ്പോർട്ടുകളുണ്ട്.





# നെഞ്ചത്തടിക്കുന്ന ശിപാർശ: വർഷം തോറും വെള്ളക്കരം കൂട്ടണം

**തിരുവനന്തപുരം:** ജല അതോറിറ്റിയിൽ ശമ്പള പരിഷ്കരണം നടപ്പാക്കി ഇറക്കിയ ഉത്തരവിൽ ഉപഭോക്താക്കളുടെ നെഞ്ചത്തടിക്കുന്ന പരാമർശങ്ങളും. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ വെള്ളക്കരം പ്രതിവർഷം വർധിപ്പിക്കണമെന്നാണ് നിർദേശം. ധനസ്ഥിതി പിടിച്ചുനിർത്താൻ കർശന ഇടപെടലുകളും നടപടികളും വേണമെന്ന ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ പരാമർശങ്ങളാണ് അതേപടി ഉത്തരവിലും അടിവരയിട്ടിരിക്കുന്നത്. ജലനിരക്ക് പരിഷ്കരിക്കുന്നതിനുള്ള ജലഅതോറിറ്റിയുടെ നിർദേശം സർക്കാർ പരിഗണനയിലുള്ള സാഹചര്യത്തിലാണ് ഇത്തരമൊരു ശിപാർശ ഉത്തരവിൽ ഇടം പിടിച്ചത്.ശമ്പള പരിഷ്കരണത്തോടെ പ്രതിമാസം 3.46 കോടി രൂപയാണ് അതോറിറ്റിയുടെ അധികബാധ്യത. ഇത് പറയുന്നില്ലെങ്കിലും ശമ്പളവർധന മൂലമുള്ള അധിക ബാധ്യതകൾ സർക്കാർ ഏറ്റെടുക്കില്ലെന്നും അതിന് അതോറിറ്റി സ്വന്തം നിലക്ക് മാർഗങ്ങൾ കണ്ടെത്തണമെന്നും ഉത്തരവിലുണ്ട്.ജലക്കര ഇനത്തിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കൂടുതൽ സംവിധാനങ്ങളും ശ്രമങ്ങളുമുണ്ടാകണമെന്നും വരുമാന രഹിതമായി ചോർന്നുപോകുന്ന വെള്ളത്തിൻറെ അളവ് കുറക്കണമെന്നും ഉത്തരവിലുണ്ട്. ചെലവിനെക്കാൾ വരുമാനം വർധിപ്പിക്കുന്നതിന് ഊന്നൽ നൽകണം. 2012-2013 കാലയളവിൽ അതോറിറ്റിയുടെ സഞ്ചിത നഷ്ടം 1702.9 കോടി രൂപയായിരുന്നു. 2019-2020 ൽ ഇത് 3343.76 കോടി രൂപയായി ഉയർന്നു. സർക്കാർ വകുപ്പുകൾ മാത്രം ജല അതോറിറ്റിക്ക് കുടിശ്ശികയായി നൽകേണ്ടത് 350 കോടി രൂപയാണ്. ഗാർഹിക ഉപഭോക്താക്കളിൽനിന്ന് കുടിശ്ശികയായി കിട്ടാനുള്ളത് 216 കോടിയും. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് 1287 കോടിയാണ് നൽകാനുള്ളത്. തദ്ദേശ വകുപ്പ് മാത്രം 964.84 കോടി നൽകാനുണ്ട്. പ്രതിദിനം ഉൽപാദിക്കുന്ന ജലത്തിൻറെ 40 ശതമാനവും കണക്കിൽപെടാതെ നഷ്ടപ്പെടുകയാണ്. 2950-3000 ദശലക്ഷം വെള്ളമാണ് ഒരു ദിവസം ഉൽപാദിപ്പിക്കുന്നത്. 1.57 കോടി രൂപയാണ് ഈ ഇനത്തിലെ പ്രതിദിന നഷ്ടം.


# ഹൈകോടതി ഇടപെടലിൽ, ആകാശപാതയിൽ പ്രതീക്ഷയുടെ ചുവടുകൾ

**കോട്ടയം:** പാതിവഴിയിൽ നിലച്ച കോട്ടയത്തെ ആകാശപാത സമയബന്ധിതമായി പൂർത്തിയാക്കാൻ ഹൈകോടതി നിർദേശം നൽകിയതോടെ പദ്ധതിക്ക് വീണ്ടും ജീവൻവെക്കുമെന്ന് പ്രതീക്ഷ. 2016 ഫെബ്രുവരിയിൽ തറക്കല്ലിട്ട പദ്ധതി വർഷങ്ങളായി പാതിവഴിയിൽ നിലച്ചിരിക്കുകയാണ്. ഇത് രൂക്ഷമായ വിമർശനത്തിനിടയാക്കിയതിനൊപ്പം രാഷ്ട്രീയ പോരിനും വഴിതുറന്നിരുന്നു. ഇതിനിടെ ആകാശപാതയുടെ തൂണുകൾ തുരുമ്പിച്ചുവീഴാറായെന്നും ജനങ്ങളുടെ സുരക്ഷയെ ക്കരുതി ഇത് പൊളിച്ചുനീക്കണമെന്ന് ആവശ്യപ്പെട്ട് കോട്ടയം സ്വദേശിയായ എ.കെ. ശ്രീകുമാറാണ് ഹൈകോടതിയെ സമീപിച്ചത്. ഇതിലാണ് പദ്ധതി പൂർത്തീകരിക്കാനുള്ള നിർദേശം.ആകാശപാത ഉപയോഗപ്രദമാക്കാൻ സാധ്യമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് കലക്ടറും സർക്കാറും കോടതിയെ അറിയിച്ചിരുന്നു. ഇതുകൂടി പരിഗണിച്ചായിരുന്നു കോടതി ഉത്തരവ്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി അറിയിക്കണമെന്ന് നിർദേശിച്ച കോടതി, നവംബർ 18ന് കേസ് വീണ്ടും പരിഗണിക്കാനായി മാറ്റി. ഇതിനുമുമ്പ് പദ്ധതി പ്രവർത്തനങ്ങൾ പുനരാരംഭിക്കാനുള്ള നടപടി ജില്ല ഭരണകൂടത്തിന് ആരംഭിക്കേണ്ടിവരുമെന്നതാണ് നാടിന് പ്രതീക്ഷ പകരുന്നത്.രണ്ടുകോടിയോളം ചെലവഴിച്ച പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കാനുള്ള നീക്കത്തിൽ നഗരവാസികളിൽ വലിയൊരുവിഭാഗം ആശങ്കയിലായിരുന്നു. സി.പി.എമ്മും ഡി.വൈ.എഫ്.ഐയും ആകാശപാത പൊളിച്ചുനീക്കണമെന്ന നിലപാടിലായിരുന്നു. ഈ ആവശ്യമുയർത്തി ഡി.വൈ.എഫ്.ഐ പ്രക്ഷോഭങ്ങളും സംഘടിപ്പിച്ചിരുന്നു. റോഡ് സുരക്ഷിതമായി മുറിച്ചുകടക്കാനുള്ള മികച്ച പദ്ധതിയാണിതെന്നും സമയബന്ധിതമായി പണി പൂർത്തിയാക്കണമെന്നും കാട്ടി തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എയും കേസിൽ കക്ഷി ചേർന്നിരുന്നു. പടികൾ നിർമിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലാണ് പണി നിർത്തിവെച്ചിരിക്കുന്നതെന്നായിരുന്നു റോഡ് സേഫ്റ്റി അതോറിറ്റി കോടതിയിൽ നൽകിയ വിശദീകരണം. നേരത്തേ ഹരജി പരിഗണിച്ച ഘട്ടത്തിൽ ആകാശപ്പാത ആവശ്യമില്ലെങ്കിൽ പൊളിച്ചുനീക്കിക്കൂടേയെന്ന് ഹൈകോടതി ചോദിച്ചിരുന്നു. ഇത് വലിയ ചർച്ചയായിരുന്നു.നഗരത്തിലെ അഞ്ച് റോഡുകൾ ചേരുന്ന ശീമാട്ടി റൗണ്ടാനയിൽ കാൽനടയക്കാർക്ക് ആകാശപാതയിലൂടെ(മേൽപാലം) സുരക്ഷിതമായി റോഡ് മുറിച്ചുകടക്കുന്നതിനാണ് നിർമാണം ആരംഭിച്ചത്. എസ്കലേറ്റർ വഴി കയറിയിറങ്ങാനാകും വിധമായിരുന്നു പദ്ധതി രൂപകൽപന ചെയ്തത്. നാലു ലിഫ്റ്റുകളും പദ്ധതിയിലുണ്ടായിരുന്നു.സഞ്ചരിക്കുന്നതിനൊപ്പം യാത്രക്കാർക്ക് വിശ്രമിക്കാനുള്ള സൗകര്യവും ആകാശപ്പാതക്ക് മുകളിൽ ഒരുക്കുമെന്നായിരുന്നു ആദ്യം വ്യക്തമാക്കിയിരുന്നത്. പിന്നീട് രൂപരേഖ മാറ്റി ഗാന്ധി സ്മൃതി മണ്ഡപമാക്കുമെന്നും 200പേർക്ക് ഇരിക്കാവുന്ന സൗകര്യം ഒരുക്കുമെന്നും എം.എൽ.എ വ്യക്തമാക്കിയിരുന്നു. എന്നാൽ, സ്ഥലം ലഭിക്കാതെവന്നതോടെ പണി സ്തംഭിക്കുകയായിരുന്നു.5.18 കോടിയുടെ ചെലവ് കണക്കാക്കിയിരുന്ന പദ്ധതിക്കായി ഇതിനകം 1.95 കോടി ചെലവഴിച്ചാണ് 14 ഇരുമ്പുതൂണുകളിൽ 24 മീറ്റർ ചുറ്റളവിൽ ഇരുമ്പ് പ്ലാറ്റ്ഫോം നിർമിച്ചത്.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ മുൻകൈയെടുത്തു തുടങ്ങിവെച്ച പദ്ധതി നടപ്പാക്കാൻ സർക്കാർ ഫണ്ട് അനുവദിക്കുന്നില്ലെന്നായിരുന്നു കോൺഗ്രസ് ആരോപണം. സ്ഥലം കണ്ടെത്താതെ പദ്ധതി തുടങ്ങിയതാണ് പ്രതിസന്ധിക്ക് കാരണമെന്ന് സി.പി.എമ്മും തിരിച്ചടിച്ചു. ഇതിനിടെ മന്ത്രി വി.എൻ. വാസവൻ പദ്ധതിക്ക് ഇടങ്കോലിടാൻ നിരന്തരം ശ്രമിക്കുകയാണെന്നും ആക്ഷേപങ്ങൾ ഉയർന്നിരുന്നു.ആകാശപാതക്കായി സ്ഥാപിച്ച ഇരുമ്പ് തൂണുകൾക്കും പ്ലാറ്റ്ഫോമിനും ബലക്ഷയമില്ലെന്ന് കണ്ടെത്തൽ. തൃശൂർ എൻജിനീയറിങ് കോളജി!ó!ൻറ നേതൃത്വത്തിൽ നടത്തിയ പഠനത്തിലാണ് കമ്പികൾക്ക് ബലക്കുറവില്ലെന്ന് വ്യക്തമായത്. വെള്ളിയാഴ്ച കേസ് പരിഗണിച്ചപ്പോൾ കലക്ടറാണ് സത്യവാങ്മൂലത്തിലൂടെ കോടതിയെ ഇക്കാര്യം അറിയിച്ചത്. വെയിലും മഴയുമേറ്റതുമൂലം നിലവിലെ കമ്പികൾക്ക് ബലക്ഷയമുണ്ടെന്ന് വ്യാപക പരാതി ഉയർന്നിരുന്നു. ഹരജിയിലും ഇക്കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. ഇതോടെ അടിയന്തര റിപ്പോർട്ട് നൽകാൻ ഹൈകോടതി സർക്കാറിനോട് ആവശ്യപ്പെടുകയായിരുന്നു. ഇതോടെ ബലക്ഷയം സംബന്ധിച്ച ആശങ്കക്ക് അറുതിയായി. നിർമാണം പുനരാരംഭിച്ചാൽ അപകടമുണ്ടാകുമെന്ന വാദങ്ങളും അപ്രസക്തമായി.



# ഗ്രാമവണ്ടി പദ്ധതി രാജ്യത്തിന് മാതൃക: മന്ത്രി ആന്റണി രാജു

**ആലപ്പുഴ:** കെ.എസ്.ആർ.ടി.സി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ഗ്രാമവണ്ടി പദ്ധതി രാജ്യത്തിന് തന്നെ മാതൃകയാണെന്ന് ഗതാഗത മന്ത്രി ആന്റണി രാജു. ഗ്രാമവണ്ടിപദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പത്തിയൂരിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. പത്തിയൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ഗ്രാമവണ്ടി മന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.ഗ്രാമീണ പ്രദേശങ്ങളിലെ യാത്ര ക്ലേശങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഗ്രാമവണ്ടി പദ്ധതിക്ക് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ പുരസ്കാരം കഴിഞ്ഞ ദിവസം ലഭിച്ചിരുന്നു. കേന്ദ്രം ഈ പദ്ധതി മാതൃകയാക്കി രാജ്യത്ത് ഒട്ടാകെ നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്നതിനാൽ സർവീസ് നടത്തുമ്പോളുള്ള നഷ്ടം ഒഴിവാക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.ബസിന്റെ ഡീസൽ ചെലവ് മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചു നിശ്ചിത റൂട്ടിൽ സമയക്രമം അനുസരിച്ചു സർവീസ് നടത്തി ഗ്രാമങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.പത്തിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തു നടന്ന ചടങ്ങിൽ യു. പ്രതിഭ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിപിൻ സി. ബാബു, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബുജാക്ഷി ടീച്ചർ, ജില്ലാ പഞ്ചായത്ത് അംഗം കെ.ജി. സന്തോഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽ.ഉഷ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മനു ചെല്ലപ്പൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം. ജനൂഷ, ബ്ലോക്ക് പഞ്ചായത്ത് അംഗം മണി വിശ്വനാഥ്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കെ.എസ്.ആർ.ടി.സി ഡി.ടി.ഒ. വി.എം. താജുദീൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# അപൂർവയിനം കഴുകനെ രാജസ്ഥാനിൽ എത്തിച്ചു

**നാഗർകോവിൽ:** 2017ലെ ഓഖി ചുഴലിക്കാറ്റ് സമയത്ത് ആശാരിപള്ളത്തുനിന്ന് വനം വകുപ്പിന് ലഭിച്ച സിനേരിയസ് വിഭാഗത്തിൽപെട്ട കഴുകൻകുഞ്ഞിനെ അഞ്ച് വർഷത്തിനുശേഷം രാജസ്ഥാൻ ജോധ്പുർ മച്ചിയ ബയോളജിക്കൽ പാർക്കിൽ ഏൽപ്പിച്ചു.തമിഴ്നാട് വനം വകുപ്പിനുവേണ്ടി കന്യാകുമാരി ഡി.എഫ്.ഒ ഇളയരാജയുടെ നേതൃത്വത്തിലാണ് കഴുകനെ വിമാനത്തിൽ കൊണ്ടുപോയത്. ഇതിനായി വ്യോമയാന മന്ത്രാലയത്തിൽ നിന്ന് പ്രത്യേക അനുമതി വാങ്ങിയിരുന്നു. പ്രത്യേക കൂട് തയാറാക്കി കഴുകന് പരിശീലവും നൽകിയശേഷമാണ് രാത്രി വിമാനത്തിൽ ചെന്നൈയിൽനിന്ന് കൊണ്ടുപോയത്. സിനേരിയസ് വിഭാഗത്തിൽപ്പെട്ട കഴുകൻ ചൈന, റഷ്യ, സൈബീരിയ തുടങ്ങിയ പ്രദേശങ്ങളിലാണ് കാണാറുള്ളത്. ഇന്ത്യയിൽ ശീതകാലത്ത് ഹിമാചൽ, രാജസ്ഥാൻ ഭാഗത്ത് വരാറുണ്ട്. ദക്ഷിണേന്ത്യയിൽ ഇവ എത്താറില്ല.കാറ്റിൽപെട്ട് പറക്കലിൻറെ ഗതിമാറി ഇവിടെയെത്തിയതാകാമെന്നാണ് കരുതുന്നത്. തക്കലക്ക് സമീപം പുലിയൂർക്കുറിച്ചി ഉദയഗിരി കോട്ടയിലെ പാർക്കിലാണ് വനംവകുപ്പ് കഴുകനെ സംരക്ഷിച്ചിരുന്നത്.



# ജില്ല സ്റ്റേഡിയത്തിൽ 'ഫിറ്റാ'കാൻ 'മലയോരറാണി'


**പത്തനംതിട്ട:** ജീവിതശൈലിയിലെ മാറ്റങ്ങൾ സൃഷ്ടിക്കുന്ന രോഗങ്ങളിൽ നിന്നുള്ള മോചനത്തിന് വ്യായാമം ആവശ്യമെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു. ജില്ല സ്റ്റേഡിയത്തിലെ ഓപൺ ജിമ്മായ 'മലയോരറാണി'യുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ആധുനീകരിച്ച് ജില്ല സ്റ്റേഡിയം നിർമിക്കുമ്പോൾ ഓപൺ ജിമ്മി!ó!ൻറ പ്രാധാന്യമേറുമെന്നും മന്ത്രി പറഞ്ഞു.ഓപൺ ജിമ്മിലേക്ക് ആവശ്യമായ അഞ്ച് ഉപകരണം ജെ.സി.ഐ പത്തനംതിട്ട ക്വീൻസാണ് 4.75 ലക്ഷം രൂപ വിനിയോഗിച്ച് നൽകിയത്. ആരോഗ്യ മേഖലക്ക് കൈത്താങ്ങേകാൻ ജെ.സി.ഐ പത്തനംതിട്ട ക്വീൻസി!ó!ൻറയും നഗരസഭയുടെയും ജില്ല സ്പോർട്സ് കൗൺസിലി!ó!ൻറയും നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ല സ്പോർട്സ് കൗൺസിലിനാണ് നടത്തിപ്പ് ചുമതല.ജിം ഉപകരണങ്ങളുടെ ഉദ്ഘാടനം നഗരസഭ അധ്യക്ഷൻ ടി. സക്കീർ ഹുസൈനും ജിമ്മി!ó!ൻറ സ്വിച്ച്ഓൺ ജില്ല സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് കെ. അനിൽകുമാറും നിർവഹിച്ചു. ജെ.സി.ഐ പത്തനംതിട്ട ക്വീൻസ് പ്രസിഡൻറ് ആൻ ജോസഫ് അധ്യക്ഷത വഹിച്ചു. മുൻ അന്തർദേശീയ ഫുട്ബാൾതാരം കെ.ടി. ചാക്കോ, ജെ.സി.ഐ ഭാരവാഹികളായ രമ്യ കെ. തോപ്പിൽ, ചിത്ര വിനോദ്, ലീതു മാത്യു തുടങ്ങിയവർ പങ്കെടുത്തു.



# മാനദണ്ഡങ്ങൾ പാലിക്കാതെ മരുന്ന് വിൽപന; മെഡിക്കൽ സ്റ്റോർ അടപ്പിച്ചു

**കൊല്ലം:** മാനദണ്ഡങ്ങൾ പാലിക്കാതെ വിദ്യാർഥികൾക്കും യുവാക്കൾക്കും വിദ്യാർഥികൾക്കും ലഹരി മരുന്നുകൾ വിതരണംചെയ്ത മെഡിക്കൽ സ്റ്റോർ എക്സൈസ് അടച്ചുപൂട്ടി. എക്സൈസും ഡ്രഗ്സ് വിഭാഗവും സംയുക്തമായി നടത്തിയ പരിശോധനയിൽ തങ്കശേരിയിൽ പ്രവർത്തിച്ചിരുന്ന ജനമിത്ര മെഡിക്കൽസാണ് എക്സൈസ് അടപ്പിച്ചത്.എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ ഗുളികകളും, ഇൻജക്ഷന് ഉപയോഗിക്കുന്ന സിറിഞ്ചുകളും വിൽപന നടത്തിയതായി കണ്ടെത്തി.ഇത്തരം ലഹരി സംഘങ്ങൾക്കെതിരെ വരുംദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്ന് അസി.എക്സൈസ് കമീഷണർ വി. റോബർട്ട് പറഞ്ഞു.

# സ്വകാര്യ ദൃശ്യങ്ങൾ കാണിച്ച്ഭീഷണിപ്പെടുത്തി, വനിതാ പഞ്ചായത്ത് അംഗത്തെ ഹോട്ടലിൽ കൊണ്ടുപോയി പീഡിപ്പിച്ചു



**മലപ്പുറം:** ഗ്രാമപഞ്ചായത്തംഗത്തെ പീഡിപ്പിച്ച കേസിൽ ഒളിവിലായിരുന്ന സി പി എം നേതാവ് പിടിയിൽ. താനാളൂർ തയ്യിൽ പറമ്പിൽ പ്രമിത്ത് (32) ആണ് പിടിയിലായത്.കഴിഞ്ഞ ജൂലായിലായിരുന്നു കേസിനാസ്പദമായ സംഭവം നടന്നത്.പഞ്ചായത്തംഗത്തെ സ്വകാര്യ ദൃശ്യങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തി കോട്ടയ്ക്കലിലെ ഹോട്ടൽ മുറിയിലെത്തിച്ച് പീഡിപ്പിച്ചുവെന്നാണ് പ്രമിത്തിനെതിരെയുള്ള പരാതി. സെപ്തംബർ പന്ത്രണ്ടിനാണ് യുവതി പൊലീസിൽ പരാതി നൽകിയത്. പൊലീസ് കേസെടുത്തതിന് പിന്നാലെ പ്രതി ഒളിവിൽ പോകുകയായിരുന്നു.പ്രാദേശിക സി പി എം നേതാവായ പ്രമിത്തിനെ ഒളിവിൽ കഴിയാൻ പൊലീസ് സഹായിക്കുകയാണെന്ന് ആരോപണം ഉയർന്നിരുന്നു. പ്രതിയുടെ മുൻകൂർ ജാമ്യാപേക്ഷ കഴിഞ്ഞ മാസം ഇരുപത്തിയെട്ടിന് കോടതി തള്ളിയിരുന്നു.



# പനങ്ങാട് ജലോത്സവം; ആവേശപ്പോരാട്ടം 27ന്

**മരട്:** വെള്ളത്താൽ ചുറ്റപ്പെട്ട ചാത്തമ്മ ദ്വീപും ചേപ്പനം കായലും പനങ്ങാട് പ്രദേശത്തെയുമെല്ലാം ലോകഭൂപടത്തിൽ കയറ്റുന്നതിന്റെ പരിശ്രമത്തിലാണ് ഒരു നാട് മുഴുവൻ. 27ന് നടക്കുന്ന പനങ്ങാട് ജലോത്സവം കേവലം വെറുമൊരു വള്ളംകളിയല്ല, ഒരു നാടിന്റെ മുഴുവൻ വികാരമാണ്.കോവിഡ് വിഴുങ്ങിയ രണ്ടു വർഷങ്ങൾക്കിപ്പുറം വ്യത്യസ്തതയോടെയാണ് ഇക്കുറി പനങ്ങാട് ജലോത്സവം നടക്കുക. അതിന്റെ ആദ്യകാഴ്ചയായിരുന്നു കായലിലൂടെ ഒഴുകിനടക്കുന്ന സംഘാടക സമിതി ഓഫിസ്. ഏറെ ചർച്ച ചെയ്യപ്പെട്ട വ്യത്യസ്ത ഓഫിസ് കാണാൻ നിരവധിപേർ വന്നുകൊണ്ടിരിക്കുന്നു.

# ശബരിമല തീർഥാടനം: കെ.എസ്.ആർ.ടി.സി സർവിസ് 15 മുതൽ, ക്രമീകരണങ്ങൾ മന്ത്രി വിലയിരുത്തി



**പത്തനംതിട്ട:** ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ യഥാസമയം എത്തുന്നുണ്ടെന്ന് വകുപ്പ് മേധാവികൾ ഉറപ്പാക്കണമെന്ന് മന്ത്രി വീണ ജോർജ്. ഇതുസംബന്ധിച്ച് കൺട്രോൾ റൂമിലും വിവരങ്ങൾ നൽകണം. ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട ഒരുക്കം വിലയിരുത്താൻ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.അടുത്തവർഷം നവംബർ ഒന്നിനുമുമ്പ് എല്ലാ വകുപ്പുകളും തീർഥാടനത്തിന് ഒരുക്കം പൂർത്തീകരിക്കണം. ഇതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളുടെയും പദ്ധതി നിർദേശങ്ങൾ സർക്കാറിലേക്ക് നൽകണം. പമ്പയിൽ കെ.എസ്.ആർ.ടി.സി ബസുകളുടെ പാർക്കിങ്ങിന് ഉചിതമായ സ്ഥലം കണ്ടെത്തണമെന്ന് മന്ത്രി നിർദേശിച്ചു. പ്ലാപ്പള്ളി-ആങ്ങമൂഴി റോഡി!ó!ൻറ അറ്റകുറ്റപ്പണി ഈമാസം 10ന് മുമ്പ് പൂർത്തിയാക്കണം.ആറാട്ടുപുഴ-ചെട്ടിമുക്ക്-ചെറുകോൽപുഴ റോഡി!ó!ൻറ നിർമാണപ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കാനും നിർദേശം നൽകി. കൈപ്പട്ടൂർ പാലത്തിൽ സംരക്ഷണഭിത്തി ബലപ്പെടുത്തുന്ന സ്ഥലം ദേശീയപാത വിഭാഗം തുടർച്ചയായി നിരീക്ഷിച്ച് അപകടമില്ലെന്ന് ഉറപ്പാക്കണം. പത്തനംതിട്ട ടൗണിലെ കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ അടിയന്തരമായി പൂർത്തീകരിക്കണം. തിരുവാഭരണ പാതയുടെ ശുചീകരണം ബന്ധപ്പെട്ടവർ സമയബന്ധിതമായി പൂർത്തിയാക്കണം. പന്തളത്തെ ഡി.ടി.പി.സി അമനിറ്റി സെന്റർ ഉടൻ ശുചീകരിച്ച് തീർഥാടനത്തിന് സജ്ജമാക്കണമെന്നും മന്ത്രി നിർദേശിച്ചു. സന്നിധാനം, നിലക്കൽ, വടശ്ശേരിക്കര എന്നിവിടങ്ങളിൽ മൂന്ന് താൽക്കാലിക പൊലീസ് സ്റ്റേഷനുകൾ തീർഥാടനകാലത്ത് ഉണ്ടാകും. ഹെൽപ ലൈൻ നമ്പറുകൾക്ക് വ്യാപക പ്രചാരണം നൽകണമെന്ന് കലക്ടർ ഡോ. ദിവ്യ എസ്.അയ്യർ പറഞ്ഞു.തീർഥാടന പാതയിലെ പ്ലാസ്റ്റിക് ഉൾപ്പെടെ മാലിന്യം ശേഖരിക്കുന്നതിന് ഇക്കോ ഗാർഡുകളെ നിയോഗിച്ചതായി ഡി.എഫ്.ഒ ആയുഷ് കുമാർ ഖോരി അറിയിച്ചു. തീർഥാടകർ കടന്നുപോകുന്ന ഉപ്പുപാറ-ശബരിമല കാനനപാത വൃത്തിയാക്കി. അഴുത-പമ്പ പാത നവീകരണം രണ്ടുദിവസത്തിനുള്ളിൽ പൂർത്തിയാകും. വനംവകുപ്പിന്റെ ക്യാമ്പ് സൈറ്റുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി.ഭക്ഷണശാലകളിൽ ജോലിചെയ്യുന്നവർ ഹെൽത്ത് കാർഡ് കൈയിൽ കരുതണം ഹോട്ടലുകളിലെ ഭക്ഷണവില നിശ്ചയിച്ചിട്ടുണ്ടെന്നും ഭക്ഷണശാലകളിൽ ഇത് പ്രദർശിപ്പിക്കുമെന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പ് അറിയിച്ചു. സംയുക്ത സ്ക്വാഡ് മുഖേന ഗ്യാസ് ഗോഡൗണുകൾ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കും. നിലക്കൽ മൊബൈൽ ഫുഡ് സേഫ്റ്റി ലാബ് വിന്യസിക്കും. തീർഥാടകർക്ക് പരാതി നൽകുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പി!ó!ൻറ ടോൾഫ്രീ നമ്പർ സജ്ജമാക്കും. ഇലവുങ്കൽ കേന്ദ്രീകരിച്ച് മോട്ടോർ വാഹന വകുപ്പിന്റെ സേഫ്സോൺ പദ്ധതി നടപ്പാക്കും. ശബരിമല പാതകളിൽ 20 സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കും.ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ നിലക്കൽ തീർഥാടകരിൽനിന്ന് പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ചശേഷം പകരം തുണിസഞ്ചികൾ വിതരണം ചെയ്യും. റാന്നി, ളാഹ, കണമല എന്നിവിടങ്ങളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ തുണിസഞ്ചി വിതരണം ചെയ്യും.എമർജൻസി ഓപറേഷൻ സെൻററുകൾ ദുരന്തനിവാരണ വിഭാഗത്തിന് കീഴിലെ എമർജൻസി ഓപറേഷൻ സെൻററുകൾ നിലക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഈമാസം 15ന് പ്രവർത്തനം ആരംഭിക്കും. പമ്പാനദിയിലെ ജലത്തിന്റെ ഗുണനിലവാരം തീർഥാടനകാലത്ത് പരിശോധിക്കുമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചു. മൊബൈൽ കവറേജ് മെച്ചപ്പെടുത്തുന്നതിന് കൂടുതലായി 10 ടവറുകൾ സജ്ജമാക്കുമെന്ന് ബി.എസ്.എൻ.എൽ അറിയിച്ചു. തീർഥാടനത്തോട് അനുബന്ധിച്ച് കെ.എസ്.ആർ.ടി.സി സർവിസ് ഈ മാസം 15 മുതൽ ആരംഭിക്കും. പമ്പ ത്രിവേണിയിൽ 10 കൂപ്പൺ കൗണ്ടർ ക്രമീകരിക്കും. കുടിവെള്ള വിതരണ ക്രമീകരണങ്ങൾ ഈമാസം 10ന് പൂർത്തിയാക്കുമെന്ന് ജല അതോറിറ്റി അറിയിച്ചു. പ്രധാന കടവുകളിൽ സുരക്ഷ വേലി ഇറിഗേഷൻ വകുപ്പ് സജ്ജമാക്കി. പമ്പയിൽ തീർഥാടകർക്കായി 60 ഷവർ യൂനിറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. ഈമാസം 14 മുതൽ നിലക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ഓഫിസുകൾ പ്രവർത്തിക്കും. ജില്ലതലത്തിലുള്ള കൺട്രോൾ റൂമിന് പുറമേ തിരുവല്ല, റാന്നി എന്നിവിടങ്ങളിലും കൺട്രോൾ റൂം തുറക്കും. പന്തളം, ആറന്മുള എന്നിവിടങ്ങളിൽ എക്സൈസ് വകുപ്പിന്റെ എയ്ഡ്പോസ്റ്റ് തുടങ്ങും.





# മൂന്നാഴ്ചക്കിടെ പിടികൂടിയത് 700 കിലോ ചീഞ്ഞ മത്സ്യം

**തോപ്പുംപടി:** മൂന്നാഴ്ചക്കിടെ ഭക്ഷ്യസുരക്ഷാവിഭാഗം അധികൃതർ കൊച്ചിയിലെ മാർക്കറ്റുകളിൽനിന്ന് പിടിച്ചെടുത്തത് 700 കിലോയിലേറെ ഭക്ഷ്യയോഗ്യമല്ലാത്ത മീൻ. രണ്ട് മാസത്തിലേറെ പഴക്കമുള്ള ആഴക്കടൽ മത്സ്യങ്ങളാണ് ഇവയിൽ ഏറെയും. കൊച്ചിയിലെ ഏതാനും ഹോട്ടലുകളിലേക്കാണ് ഇത്തരത്തിലുള്ള മോശം മത്സ്യം വിൽക്കുന്നത്.ഹാർബറുകളിലെ കോൾഡ് സ്റ്റോറേജുകളിൽ സൂക്ഷിക്കുന്ന ഇത്തരം മത്സ്യങ്ങൾ കുറഞ്ഞ വിലക്ക് മാർക്കറ്റുകളിലെ കച്ചവടക്കാർക്ക് നൽകുന്നതിന് ഏജന്റുമാർ തന്നെ പ്രവർത്തിക്കുന്നുണ്ട്.തോപ്പുംപടി അന്തി മാർക്കറ്റിൽനിന്ന് പിടിച്ചെടുത്ത മത്സ്യം ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ മൊബൈൽ ലാബിൽ പരിശോധന നടത്തിയപ്പോൾ അമോണിയം കലർത്തിയതായി കണ്ടെത്തിയിരുന്നു. ചീഞ്ഞ മത്സ്യം വഴി ഉണ്ടാകുന്ന ബാക്ടീരിയയും അമോണിയവും കൂടി കലർന്ന് അർബുദം ഉൾപ്പെടെ രോഗങ്ങൾക്ക് ഇടയാക്കുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.തോപ്പുംപടി അന്തി മാർക്കറ്റ്, പള്ളുരുത്തി വെളി മാർക്കറ്റ് എന്നിവിടങ്ങളിൽനിന്നാണ് വൻതോതിൽ ചീഞ്ഞ മത്സ്യം പിടിച്ചെടുത്തത്. ഇവിടെ നല്ല രീതിയിൽ കച്ചവടം ചെയ്യുന്നവർക്കുപോലും വിനയായി മാറുന്ന രീതിയിലാണ് ഏതാനും ചില കച്ചവടക്കാരുടെ ഈ പ്രവർത്തനം. ഇതിനെതിരെ പ്രതിഷേധവും കച്ചവടക്കാരിൽ ഉടലെടുത്തിട്ടുണ്ട്.കൊച്ചി സർക്കിൾ ഭക്ഷ്യസുരക്ഷാ ഓഫിസർ ഡോ. നിമിഷ ഭാസ്കർ, കളമശ്ശേരി സർക്കിൾ ഓഫിസർ എം.എൻ. ഷംസിയ, തൃപ്പൂണിത്തുറ സർക്കിൾ ഓഫിസർ വിമല മാത്യു എന്നിവരുടെ നേതൃത്വത്തിലാണ് 'ഓപറേഷൻ മത്സ്യ' എന്ന പേരിൽ പരിശോധനകൾ നടക്കുന്നത്. എന്നാൽ, ഇത്തരം മത്സ്യവിൽപനക്കാർക്കെതിരെ ചെറിയ തുക പിഴ ഈടാക്കി വിടുന്ന രീതി മാറ്റി കർശന ശിക്ഷ നടപടി കൈക്കൊള്ളണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്.




# സൈമൺ ബ്രിട്ടോയുടെ വീട് പരിശോധിച്ച സംഭവം: പൊലീസ് മൊഴിയെടുത്തു

**കൊച്ചി:** സി.പി.എം നേതാവും മുൻ എം.എൽ.എയുമായിരുന്ന സൈമൺ ബ്രിട്ടോയുടെ വീട്ടിൽ പൊലീസ് അതിക്രമിച്ചുകയറിയ സംഭവത്തിൽ എ.സി.പിയുടെ നേതൃത്വത്തിൽ വീടിൻറെ ചുമതലയേൽപ്പിച്ചിരുന്ന സ്ത്രീയുടെ മൊഴിയെടുത്തു.കഴിഞ്ഞ ദിവസം വീടിൻറെ പലഭാഗങ്ങളുടെയും സ്വർണം സൂക്ഷിച്ച അലമാരയുടെ ചിത്രങ്ങളും അന്വേഷണ ഭാഗമായി പൊലീസ് പകർത്തിയിരുന്നു. അതേസമയം, ഞാറക്കൽ പൊലീസിനെതിരെ നടപടി വേണമെന്ന ആവശ്യം സീന ഭാസ്കർ വീണ്ടും ആവർത്തിച്ചു.സി.ഐയുടെ നേതൃത്വത്തിൽ വീടിന്റെ മുന്നുവാതിൽ തകർത്തെന്നും തന്റെയും മകളുടെയും 10 പവൻറെ ആഭരണങ്ങൾ കാണാതെ പോയെന്നുമാണ് പരാതി. ഒക്ടോബർ അവസാനം താനില്ലാത്ത സമയം നോക്കി വീട് കുത്തിത്തുറന്നെന്നും മകളുടെ ആഭരണങ്ങളും ബ്രിട്ടോയുടെ ഏതാനും പുരസ്കാരങ്ങളും നഷ്ടമായെന്നും കൊച്ചി സിറ്റി പൊലീസ് കമീഷണർക്ക് സീന കഴിഞ്ഞ ദിവസം പരാതി നൽകിയിരുന്നു.



# ജോലി ചെയ്തിരുന്ന വീട്ടിൽ മോഷണം; തമിഴ്നാട് സ്വദേശിനി അറസ്റ്റിൽ

**കാക്കനാട്:** ജോലി ചെയ്യുന്ന വീട്ടിൽനിന്ന് സ്വർണവും പണവും തട്ടിയ കേസിൽ തമിഴ്നാട് സ്വദേശിനി അറസ്റ്റിൽ. ചെമ്പുമുക്കിന് സമീപം വാടകക്ക് താമസിക്കുന്ന സേലം സ്വദേശിനി മഞ്ജുളയാണ് (32) തൃക്കാക്കര പൊലീസിന്റെ പിടിയിലായത്. ലോക്കറിൽ സൂക്ഷിച്ചിരുന്ന നാലര പവൻ സ്വർണവും പണവുമാണ് നഷ്ടപ്പെട്ടത്. ചെമ്പുമുക്ക് പുളിക്കില്ലം ഈസ്റ്റ് റോഡിലെ വീട്ടിലാണ് മോഷണം നടന്നത്. ഇവിടെ വീട്ടുജോലി ചെയ്തു വരുകയായിരുന്നു മഞ്ജുള. അതിനിടെ ഒന്നാം നിലയിലെ പ്രധാന കിടപ്പുമുറിയിലെ ലോക്കറിൽ നിന്ന് സ്വർണവും പണവും അപഹരിക്കുകയായിരുന്നു. ഉദ്യോഗസ്ഥരായ ഉടമസ്ഥർ വീട്ടിലില്ലാത്ത സമയം നോക്കി 1,70,000 രൂപയോളം വില വരുന്ന 37 ഗ്രാം സ്വർണവും 9000 രൂപയുമാണ് അപഹരിച്ചത്. ദീപാവലി സമയത്ത് ലോക്കർ തുറന്ന് നോക്കിയപ്പോഴാണ് മോഷണം നടന്നതായി വ്യക്തമായത്. തുടർന്ന് തൃക്കാക്കര പൊലീസിനെ വിവരമറിയിക്കുകയായിരുന്നു. അന്വേഷണത്തിൽ സംഭവത്തിന് പിന്നിൽ മഞ്ജുളയാണെന്ന് വ്യക്തമായതോടെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. കുറ്റസമ്മതം നടത്തിയ പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

# ചാലക്കുടിയിൽ 2024ഓടെ എല്ലാ വീട്ടിലും ശുദ്ധജലം

**ചാലക്കുടി:** മണ്ഡലത്തിൽ എല്ലാ വീട്ടിലും 2024ഓടെ ശുദ്ധജലം എത്തിക്കാൻ 'ജൽ ജീവൻ'പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പാക്കും. ഇതിന് 216.36 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചു. കാടുകുറ്റി, പരിയാരം പഞ്ചായത്തുകളിലെ പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തിയാക്കി നിർമാണം തുടങ്ങാൻ തയാറായിട്ടുണ്ട്. കാടുകുറ്റി (3379), കൊടകര (4549), കോടശ്ശേരി (8223), കൊരട്ടി (1748), മേലൂർ (3188), പരിയാരം (3062), അതിരപ്പിള്ളി (1011) എന്നിങ്ങനെ പുതുതായി 25,160 വീടുകളിലാണ് ശുദ്ധജലമെത്തുക.അതിരപ്പിള്ളി പഞ്ചായത്തിലെ 12 ആദിവാസി കോളനികളിൽ 555 പുതിയ കണക്ഷനും വിഭാവനം ചെയ്തിട്ടുണ്ട്. മൂന്ന് പുതിയ ജലശുദ്ധീകരണ പ്ലാൻറുകളാണ് നിർമിക്കുന്നത്. ഇതിൽ 12 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിനശേഷിയുള്ള അതിരപ്പിള്ളി പഞ്ചായത്തിലെ പിള്ളപ്പാറയിലെയും ആറ് ദശലക്ഷം ശേഷിയുള്ള കൊരട്ടി പഞ്ചായത്തിലെ പാറക്കൂട്ടം പ്ലാൻറിൻറെയും നിർമാണം അന്തിമഘട്ടത്തിലാണ്. ചാലക്കുടി നഗരസഭ പരിധിയിൽ സ്ഥാപിക്കുന്ന 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള പ്ലാൻറിൻറെ നിർമാണ നടപടി പുരോഗമിക്കുകയാണ്.ജല അതോറിറ്റിക്കും കിഫ്ബി നാട്ടികa പ്രോജക്ട് ഡിവിഷനുമാണ് പ്രവൃത്തികളുടെ നിർവഹണ ചുമതല. മിഷൻറെ പുരോഗതി വിലയിരുത്താൻ സനീഷ് കുമാർ ജോസഫ് എം.എൽ.എ യോഗം വിളിച്ചിരുന്നു. കൊരട്ടി, മേലൂർ പഞ്ചായത്തുകളിലെ പ്രവൃത്തിയുടെ ടെൻഡർ പൂർത്തിയായതായും മറ്റ് പഞ്ചായത്തുകളിൽ പുരോഗമിക്കുന്നതായും ഉദ്യോഗസ്ഥർ അറിയിച്ചു.

# പൊന്നാനിയിലും ഇനി വാഹനങ്ങൾ ചാർജ് ചെയ്യാം

**പൊന്നാനി:** പൊന്നാനി സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷൻ പ്രവർത്തന സജ്ജമായി. നാലുചക്ര വാഹനങ്ങൾ ചാർജ് ചെയ്യാനുള്ള സ്റ്റേഷന്റെ സ്വിച്ച് ഓൺ കർമ്മം പി. നന്ദകുമാർ എം.എൽ.എ നിർവഹിച്ചു. ജില്ലയിൽ മൂന്നിടങ്ങളിലായി ഒരുക്കിയ ഇ.വി ചാർജ്ജിങ് സ്റ്റേഷനുകളിൽ ഒന്നാണ് പൊന്നാനിയിലേത്. ഒരു ഫാസ്റ്റ് ചാർജറും മൂന്ന് സ്ലോ ചാർജറുമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. പാസഞ്ചർ, കൊമേഴ്സ്യൽ വാഹനങ്ങൾക്ക് ഇവിടെനിന്ന് ഇനി മുതൽ അതിവേഗം ചാർജ് ചെയ്യാനാവും. ഒരു യൂനിറ്റിന് നികുതി ഉൾപ്പെടെ 16 രൂപയാണ് നൽകേണ്ടി വരുക. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് ലഭ്യമാവുന്ന ആപ് ഉപയോഗിച്ച് പണം നൽകാം. ജീവനക്കാർ ഉണ്ടാവില്ല. സുരക്ഷയ്ക്കായി സി.സി.ടി.വി ഉണ്ടാകും. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ നമ്പറും ഇവിടെയുണ്ടാവും.



# മേലാർക്കോടും പന്നിപ്പനി: ഏഴ് പഞ്ചായത്തുകൾ നിരീക്ഷണ മേഖല

**പാലക്കാട്:** ജില്ലയിലെ മേലാർക്കോട് ഗ്രാമപഞ്ചായത്തിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചതായി ജില്ല മൃഗസംരക്ഷണ ഓഫിസർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ചിറ്റിലഞ്ചേരിയിലെ പിപ പന്നിഫാമിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ പ്രദേശം രോഗബാധിത പ്രദേശമായും സമീപത്തെ അയിലൂർ, കിഴക്കഞ്ചേരി, വണ്ടാഴി, നെന്മാറ, ആലത്തൂർ, വടക്കഞ്ചേരി, എലവഞ്ചേരി പഞ്ചായത്തുകൾ രോഗനിരീക്ഷണ മേഖലയായും പ്രഖ്യാപിച്ച് ജില്ല കലക്ടർ മൃൺമയി ജോഷി ഉത്തരവിറക്കി.രോഗവ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രദേശത്ത് മുൻകരുതൽ സ്വീകരിക്കാനും ജില്ല കലക്ടർ നിർദേശിച്ചു. മേലാർക്കോട് പഞ്ചായത്തിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച പന്നി ഫാമിലെയും ഒരു കിലോമീറ്റർ ചുറ്റളവിലെ ഫാമുകളിലെയും എല്ലാ പന്നികളെയും കേന്ദ്ര സർക്കാറിന്റെ പ്ലാൻ ഓഫ് ആക്ഷൻ പ്രകാരമുള്ള എല്ലാവിധ പ്രോട്ടോക്കോളുകളും പാലിച്ച് ഉന്മൂലനം ചെയ്യണമെന്നും ജഡം സംസ്കരിച്ച് ആ വിവരം ജില്ല മൃഗസംരക്ഷണ ഓഫിസർ അറിയിക്കണമെന്നും കലക്ടർ നിർദേശിച്ചു. നേരത്തേ മുതലമട പഞ്ചായത്തിലെ നീളിപ്പാറയിലും അഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചിരുന്നു.രോഗബാധിത പ്രദേശങ്ങളിൽനിന്ന് പന്നി മാംസം വിതരണം ചെയ്യുന്നതും പന്നികൾ, പന്നിമാംസം, തീറ്റ എന്നിവ ജില്ലയിലെ രോഗബാധിത പ്രദേശങ്ങളിൽനിന്ന് കൊണ്ടുപോകുന്നതും മറ്റു പ്രദേശങ്ങളിൽനിന്ന് രോഗബാധിത മേഖലയിലേക്ക് കൊണ്ടുവരുന്നതും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവെക്കണം. മേലാർക്കോട് ഗ്രാമപഞ്ചായത്തിലെ രോഗം സ്ഥിരീകരിച്ച പന്നി ഫാമിൽനിന്ന് മറ്റു പന്നി ഫാമുകളിലേക്ക് കഴിഞ്ഞ രണ്ട് മാസത്തിനിടെ പന്നികളെ കൊണ്ടുപോയിട്ടുണ്ടോ എന്ന് അന്വേഷിച്ച് ജില്ല മൃഗസംരക്ഷണ ഓഫിസർ റിപ്പോർട്ട് ചെയ്യണം. രോഗം സ്ഥിരീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ പൊലീസ്, മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ, വില്ലേജ് ഓഫിസർ എന്നിവർ ഉൾപ്പെട്ട റാപ്പിഡ് റെസ്പോൺസ് ടീം ഉടൻ രൂപവത്കരിച്ച് പ്രവർത്തനം ആരംഭിക്കാൻ ജില്ല മൃഗസംരക്ഷണ ഓഫിസർക്കും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും നിർദേശം നൽകി.ജില്ലയിൽ മറ്റു ഭാഗങ്ങളിൽ പന്നിപ്പനി വൈറസ് കണ്ടെത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട നഗരസഭ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, വില്ലേജ് ഓഫിസർമാർ, റൂറൽ ഡെയറി ഡെവലപ്മെന്റ് ഉദ്യോഗസ്ഥർ എന്നിവർ ബന്ധപ്പെട്ട മൃഗസംരക്ഷണ ഓഫിസറെ അറിയിക്കണം. വൈറസ് വ്യാപനം നിയന്ത്രിക്കാനുള്ള നടപടി മൃഗസംരക്ഷണ ഓഫിസർ സ്വീകരിക്കണമെന്നും നിർദേശമുണ്ട്.വടക്ക്-കിഴക്ക് ഇന്ത്യയിലും ബിഹാറിലും ആഫ്രിക്കൻ പന്നിപ്പനി പടരുന്ന സാഹചര്യത്തിൽ ഒക്ടോബർ 11 മുതൽ 30 ദിവസത്തേക്ക് പന്നി, മാംസം, പന്നി മാംസം കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, വളം എന്നിവ കേരളത്തിലേക്കും കേരളത്തിൽനിന്ന് മറ്റു സംസ്ഥാനങ്ങളിലേക്കും കൊണ്ടുവരാനും കൊണ്ടുപോകാനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.വൈറസ് സാഹചര്യം നിലനിൽക്കുന്നതിനാൽ കേരളം നിയന്ത്രിത മേഖലയാണ്. ആഫ്രിക്കൻ പന്നിപ്പനിക്ക് വാക്സിനോ മറ്റു പ്രതിരോധ മരുന്നുകളോ ഇല്ലാത്തതിനാൽ പന്നികൾ കൂട്ടത്തോടെ ചത്തുപോകുന്ന സ്ഥിതി ഈ വൈറസ് മൂലം ഉണ്ടാകും. ഈ രോഗം പന്നികളിൽ മാത്രം കണ്ടുവരുന്നതിനാൽ മറ്റു മൃഗങ്ങളിലേക്കും മനുഷ്യരിലേക്കും പകരാൻ സാധ്യത കുറവാണ്.




# അന്ധവിശ്വാസങ്ങൾക്കും ലഹരിക്കുമെതിരെ പ്രചാരണവുമായി എൻ വൈ സി

കേരളത്തിൽ വർധിച്ചു വരുന്ന അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും, ലഹരി ഉപയോഗങ്ങൾക്കുമെതിരെ പൊതുജന അവബോധം രൂപീകരിക്കുവാനും ഇത്തരം പ്രശ്നങ്ങൾക്കെതിരെ ക്രിയാത്മകമായി പ്രതികരിക്കേണ്ടതിന്റെ ആവശ്യം സമൂഹത്തെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എൻ സി പി യുടെ യുവജന വിഭാഗമായ നാഷണലിസ്റ്റ് യൂത്ത് കോൺഗ്രസ്സ് (എൻ വൈ സി ) എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന വാഹന പ്രചാരണ ജാഥയുടെ ഫ്ലാഗ് ഓഫ് കർമ്മം എൻവൈസി അഖിലേന്ത്യ ജനറൽ സെക്രട്ടറി അഫ്സൽ കുഞ്ഞുമോൻ നിർവഹിച്ചു. എൻ വൈ സി സംസ്ഥാന ട്രഷറർ സനൽ മൂലങ്കുടി ജാഥാ ക്യാപ്റ്റനായ ജാഥയിൽ,ജാഥാ മാനേജർ എൻ വൈ സി ജില്ലാ പ്രസിഡന്റ് പ്രവീൺ ജോസ് , വൈസ് ക്യാപ്റ്റൻമാരായ അഡ്വ നോയൽ ടി ഹരി, കരുൺ കെ കുമാർ, അബ്ദുൾ ജബ്ബാർ ,രാഗേഷ് കെ എസ് , മുഹമ്മദ് ഷാ , തുടങ്ങിയവർ നയിക്കുന്ന ജാഥയുടെ ഔദ്യോഗിക ഉത്ഘാടനം പറവൂരിൽ വച്ച് എൻ സി പി സംസ്ഥാന ട്രഷറർ പി ജെ കുഞ്ഞുമോൻ നിർവഹിച്ചു. എൻ വൈ സി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ റൗഫ്, എൻ വൈ സി ജില്ലാ ചാർജ് സെക്രട്ടറി ടോണി പറപ്പിള്ളി, മുരളി പുത്തൻവേലി , രാജീവ് കളമശ്ശേരി ,ശിവരാജ് കോമ്പാറ ,അനൂബ് റാവുത്തർ ആലുവ ബ്ലോക്ക് പ്രസിഡന്റ് അനൂബ് നൊച്ചിമ , മുഹമ്മദാലി തോലക്കര, രാജു തോമസ് ,ഷംസുദ്ധീൻ ,അസീസ് ,സിമി ഡൊമിനിക്,രാകേഷ്, മജീദ് കോശി, അഫ്സൽ മൂത്തേടൻ ,നഫ്സിൻ നൗഷാദ് ,അനീഷ് കാഞ്ഞൂർ ,മജീദ് കോശി തുടങ്ങിയവർ പങ്കെടുത്തു

# എം.വി.ആർ അനുസ്മരണം


മുൻ മന്ത്രിയും, സി.എം.പി. ജനറൽ സിക്രട്ടറിയുമായിരുന്ന എം.വി.ആറിന്റ എട്ടാം ചരമവാർഷിക ദിനാചരണം സി.എം.പി ജില്ലാ കൗൺസിൽ നേതൃത്വത്തിൽ നവമ്പർ 9 ന് കാലത്ത് 10.30 മണിക്ക് കണ്ണൂർ ജവഹർ ലൈബ്രറി ഹാളിൽ കെ.പി.സി.സി. പ്രസിഡണ്ട് ശ്രീ .കെ.സുധാകരൻ ഉദ്ഘാടനം ചെയ്യും.സി എം പി ജനറൽ സിക്രട്ടറി സി.പി.ജോൺ മുഖ്യ പ്രഭാഷണം നടത്തുന്ന ചടങ്ങിൽ സംസ്ഥാന അസി.സിക്രട്ടറി സി.എ.അജീർ അദ്ധ്യക്ഷത വഹിക്കും. ഇന്ത്യൻ യൂനിയൻമുസ്ലിം ലീഗ് കണ്ണൂർ ജില്ലാ ജന:സിക്രട്ടറി അബ്ദുൾ കരീംചേലേരി, ആർ.എസ്.പി. നേതാവ് ഇല്ലിക്കൽ അഗസ്റ്റി, സി.എം.പി. ജില്ലാ സിക്രട്ടറി പി.സുനിൽകുമാർ, മാണിക്കര ഗോവിന്ദൻ തുടങ്ങിയവർ പ്രസംഗിക്കും. കാലത്ത് 9.30 ന് സ്റ്റേഡിയം കോർണറിൽ പ്രത്യേകം തയ്യാറാക്കിയ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും തുടർന്ന് പ്രകനവും നടക്കും.

# കിണറ്റിൽവീണ യുവതിക്ക് നാട്ടുകാരും ഫയർഫോഴ്സും രക്ഷകരായി

**പാലേരി:** കടിയങ്ങാട് പുല്യോട്ടുമുക്കിൽ കാൽവഴുതി കിണറ്റിൽവീണ യുവതിക്ക് നാട്ടുകാരും ഫയർഫോഴ്സും രക്ഷകരായി. വീട്ടുമുറ്റത്തെ ആൾമറയില്ലാത്ത കിണറ്റിൽ വീണ പുല്യോട്ടുകുന്നുമ്മൽ ഉണ്ണിമായയെയാണ് (24) രക്ഷിച്ചത്. നിസ്സാര പരിക്കേറ്റ ഇവരെ പേരാമ്പ്ര താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചു. മഴ വന്നപ്പോൾ അയയിൽ നിന്ന് തുണിയെടുക്കുന്നതിനിടയിൽ കാൽവഴുതി കിണറ്റിൽ വീഴുകയായിരുന്നു. വീട്ടുകാരുടെ ബഹളം കേട്ട് ഓടിയെത്തിയ കടിയങ്ങാട് പുത്തൻപുരയിൽ ശശിയും ചാമക്കാല ഉബൈദും കിണറ്റിലിറങ്ങി യുവതി മുങ്ങിപ്പോകാതെ രക്ഷയൊരുക്കി. പിന്നീട് പേരാമ്പ്ര അഗ്നിരക്ഷ നിലയത്തിൽനിന്ന് സേനയെത്തി യുവതിയെയും രക്ഷിക്കാനിറങ്ങിയവരെയും സുരക്ഷിതമായി കരക്കെത്തിച്ചു.



അസി. സ്റ്റേഷൻ ഓഫിസർ പി.സി. പ്രേമൻ, എം. പ്രദീപൻ എന്നിവരുടെ നേതൃത്വത്തിലെത്തിയ സേനയിൽ ഫയർ ആൻഡ് റെസ്ക്യൂ ഓഫിസർമാരായ പി.ആർ. സത്യനാഥ്, ജി.ബി. സനൽ രാജ്, കെ.കെ. ശിഖിലേഷ്, എ.കെ. ഷിഗിൻ ചന്ദ്രൻ, പി.എം. വിജേഷ്, പി.വി. മനോജ്, വി.കെ. ഷൈജു, ഹോംഗാർഡ് വി.കെ. ബാബു എന്നിവരും പങ്കാളികളായി.



# യുനെസ്കോയുടെ പഠന നഗരമായി തൃശൂർ

**തൃശൂർ:** കോർപറേഷനെ ഐക്യരാഷ്ട്ര സഭയുടെ കീഴിലെ യുനെസ്കോ പഠനനഗരമായി തെരഞ്ഞെടുത്തതായി മേയർ എം.കെ. വർഗീസ് വാർത്തസമ്മേളനത്തിൽ അറിയിച്ചു. തൃശൂർ നഗരത്തിലേക്ക് വരുന്ന ഏതൊരാൾക്കും താൽപര്യമുള്ള ഏത് വിഷയത്തിലും പഠനം നടത്താനും അറിവ് സമ്പാദിക്കാനും അനുയോജ്യമായ സാഹചര്യമാണ് കോർപറേഷനിൽ നിലവിലുള്ളത്.തൃശൂർ നഗരത്തിലെ വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലെ പഠന ഗവേഷണങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താൻ ആവശ്യമായ കർമപദ്ധതികൾ ഇതിനകം കോർപറേഷന്റെ നേതൃത്വത്തിൽ കില, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ എഫയേഴ്സ്, തൃശൂർ ഗവ. എൻജിനീയറിങ് കോളജ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തയാറാക്കി വരുന്നതായി മേയർ പറഞ്ഞു. പുതുതലമുറയിൽ രാഷ്ട്രീയ-സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കാൻ 2022 ജൂലൈ 18ന് തൃശൂർ നഗരത്തിലെ മുഴുവൻ ഹയർ സെക്കൻഡറി സ്കൂളിലെയും വിദ്യാർഥികളെ പങ്കെടുപ്പിച്ച് ചിൽഡ്രൻസ് പാർലമെന്റ് നടത്തിയിരുന്നു.തൃശൂർ നഗരത്തിലെ പൊതുയിടങ്ങൾ കുട്ടികൾക്ക് സുരക്ഷിതവും ആരോഗ്യപരവും സുസ്ഥിരവുമാക്കി മാറ്റി എട്ട് വയസ്സുവരെയുള്ള കുട്ടികളിൽ വ്യക്തിത്വ വികാസത്തിന് വഴിയൊരുക്കാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ഗ്ലോബൽ ഡിസൈനിങ് സിറ്റീസ് ഇനീഷ്യേറ്റിവ്, സ്ട്രീറ്റ് ഫോർ കിഡ്സ് പ്രോഗ്രാം എന്നിവയിലേക്ക് ലോകത്തെ 20 നഗരങ്ങളിൽ ഒന്നായി തൃശൂർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 237 അംഗൻവാടികളുടെയും 112 സ്കൂളുകളുടെയും 29 കോളജുകളുടെയും 49 ആശുപത്രികളുടെയും 47 ലൈബ്രറികളുടെയും ആരോഗ്യ, അഗ്രികൾച്ചർ, വെറ്ററിനറി തുടങ്ങിയ യൂനിവേഴ്സിറ്റികളുടെയും കെ.എഫ്.ആർ.ഐ, ജോ മത്തായി സെന്റർ, സ്കൂൾ ഓഫ് ഡ്രാമ തുടങ്ങിയ പഠന സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പഠന നഗര പ്രവർത്തനങ്ങൾ വിപുലീകരിക്കാനാണ് കോർപറേഷൻ പദ്ധതി.സംസ്ഥാനതല പഠനനഗര പ്രഖ്യാപനം തിങ്കളാഴ്ച വൈകീട്ട് അഞ്ചിന് പുഴക്കൽ ഹയാത്ത് റീജൻസിയിൽ മന്ത്രി എം.ബി. രാജേഷ് നിർവഹിക്കും. രാവിലെ ഒമ്പതുമുതൽ വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടക്കും. സെമിനാറുകളുടെ ഉദ്ഘാടനം രാവിലെ 10ന് മന്ത്രി കെ. രാജൻ നിർവഹിക്കും. പ്രഖ്യാപനശേഷം രൂപപ്പെടുന്ന വിവിധ പദ്ധതികൾ നടപ്പാക്കാൻ എല്ലാവിധ സഹായ സഹകരണങ്ങളും നൽകാൻ കേന്ദ്ര -സംസ്ഥാന- ആഗോളതലത്തിൽ വിവിധ വ്യക്തികളും സ്ഥാപനങ്ങളും ഇതിനകം സന്നദ്ധത അറിയിച്ചിട്ടുണ്ട്. പഠനനഗര പ്രഖ്യാപനത്തിന്റെ പോസ്റ്റർ പ്രകാശനം മേയർ എം.കെ. വർഗീസ് നിർവഹിച്ചു. വാർത്തസമ്മേളനത്തിൽ ഡെപ്യൂട്ടി മേയർ രാജശ്രീ ഗോപൻ, സ്ഥിരം സമിതി ചെയർമാന്മാരായ വർഗീസ് കണ്ടംകുളത്തി, പി.കെ. ഷാജൻ, എൻ.എ. ഗോപകുമാർ, കോർപറേഷൻ സെക്രട്ടറി ആർ. രാഹേഷ് കുമാർ, എൻജിനീയറിങ് കോളജ് പ്രിൻസിപ്പൽ രഞ്ജിനി ഭട്ടതിരിപ്പാട്, കില ഡയറക്ടർ ജോയ് ഇളമൺ തുടങ്ങിയവരും പങ്കെടുത്തു.

# ഓട്ടത്തിനിടെ പിക്അപ് ലോറിക്ക് തീപിടിച്ചു



**വളാഞ്ചേരി:** ഓടിക്കൊണ്ടിരുന്ന പിക്അപ ലോറിക്ക് തീപിടിച്ചു. ആർക്കും പരിക്കില്ല. ദേശീയപാത 66ൽ കഞ്ഞിപ്പുരയിൽ ശനിയാഴ്ച പുലർച്ചയാണ് സംഭവം. പെരുമ്പാവൂരിൽനിന്ന് കോഴിക്കോട് ഭാഗത്തേക്ക് അരിയുമായി പോകുകയായിരുന്നു. ഡ്രൈവറുടെ കാബിൻ ഭാഗത്താണ് തീപിടിച്ചത്. ലോറിയിൽ ഡ്രൈവർ മാത്രമാണ് ഉണ്ടായിരുന്നത്. ഡ്രൈവറുടെ സമയോചിത ഇടപെടൽ മൂലമാണ് വൻ ദുരന്തം ഒഴിവായത്. വളാഞ്ചേരി പൊലീസും നാട്ടുകാരും തീ അണക്കുന്നതിന് നേതൃത്വം നൽകി.









# ട്രംപിന്റെ പ്രസിഡന്റ് സ്ഥാനാർഥിത്വം നവംബർ 14ന് പ്രഖ്യാപിക്കുമെന്ന് സൂചന

**വാഷിങ്ടൻ :** നവംബർ 12ന് ട്രംപിന്റെ മകൾ ടിഫിനിയുടെ വിവാഹം ഫ്ളോറിഡയിൽ നടക്കും. ഇതിനുശേഷം 14ന് ട്രംപിന്റെ പ്രസിഡന്റ് സ്ഥാനാർഥിത്വം പ്രഖ്യാപിക്കുന്നതിനുള്ള തയാറെടുപ്പുകൾ നടന്നുവരുന്നതായാണ് ട്രംപുമായി അടുത്ത ബന്ധമുള്ളവർ നൽകുന്ന സൂചന. ഇടക്കാല തിരഞ്ഞെടുപ്പിൽ യുഎസ് സെനറ്ററിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് കേവല ഭൂരിപക്ഷം ലഭിക്കുമെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.സ്ഥാനാർഥിത്വം പ്രഖ്യാപിക്കാൻ നവംബർ 14ന് തിരഞ്ഞെടുക്കുന്നതിന് മറ്റൊരു പ്രധാന കാരണം കൂടി ചൂണ്ടികാണിക്കപ്പെടുന്നു. പ്രസിഡന്റ് ബൈഡൻ നീണ്ട ഏഷ്യൻ സന്ദർശത്തിനായി നവംബർ രണ്ടാം വാരം പുറപ്പെടും. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ നടക്കുന്ന പ്രഖ്യാപനം ലോകശ്രദ്ധ ആകർഷിക്കും.എന്നാൽ സ്ഥാനാർഥിത്വം എവിടെവച്ചു പ്രഖ്യാപിക്കണമെന്നതിൽ ഇതുവരെ തീരുമാനം ആയിട്ടില്ലെന്നാണു സുചന. വ്യാഴാഴ്ച അയോവയിൽ നടന്ന തിരഞ്ഞെടുപ്പു റാലിയിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പു പ്രചാരണങ്ങൾക്കു തയാറായതായി ട്രംപ് വ്യക്തമാക്കിയിരുന്നു.




# ഗർഭിണിയായ യുവതിയെ തട്ടികൊണ്ടുപോയി കൊലപ്പെടുത്തി; ദമ്പതികൾ അറസ്റ്റിൽ

**അർകെൻസ :** മൂന്നു മാസം ഗർഭിണിയായ യുവതിയെ തട്ടികൊണ്ടുപോയി വെടിവച്ചു കൊലപ്പെടുത്തി. മൂന്നു മക്കളുടെ അമ്മയായ യുവതിയെ കൊലപ്പെടുത്തിയ ശേഷം ശരീരത്തിൽ നിന്നും ഭ്രൂണത്തെ വേർപ്പെടുത്തി ഉപേക്ഷിക്കുകയായിരുന്നു. കേസിൽ ദമ്പതികൾ അറസ്റ്റിലായി. തിങ്കളാഴ്ചയാണു യുവതിയെ അവസാനമായി കാണുന്നത്.ആഷ്ലി ബുഷ് (31) ആണ് അതിക്രൂരമായി കൊല്ലപ്പെട്ടത്. ഈ സംഭവത്തിൽ പ്രതികളെന്ന് സംശയിക്കുന്ന ദമ്പതിമാരായ ആംബർ വാട്ടർമാൻ, ജെയ്മി വാട്ടർമാൻ എന്നിവരെയാണ് അറസ്റ്റു ചെയ്തത്.ജോലിക്ക് അപേക്ഷിച്ച ആഷ്ലി തിങ്കളാഴ്ച ഇന്റർവ്യുന് പങ്കെടുക്കാൻ പോയതായിരുന്നു. ഇന്റർവ്യുന് ക്ഷണിച്ചത് ആൾമാറാട്ടം നടത്തിയ ദമ്പതിമാരായിരിക്കാമെന്നാണ് പ്രാഥമിക നിഗമനം. ലൂസി എന്നായിരുന്നു ആഷ്ലി ഓൺലൈനിലൂടെ പരിചയപ്പെട്ട സ്ത്രീയുടെ പേര്. ബുധനാഴ്ചയും വ്യാഴാഴ്ചയുമാണ് ആഷ്ലിയുടെയും ഗർഭസ്ഥ ശിശുവിന്റെയും മൃതദേഹങ്ങൾ മിസോറിയിലെ രണ്ടു സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്തത്. യുവതിയെ തട്ടികൊണ്ടുപോയി കൊലപ്പെടുത്താൻ കാരണം എന്താണെന്നു വ്യക്തമല്ല.



New Hampshire Republican U.S. Senate candidate Don


Republican Tiffany Smiley, a candidate for the U.S. Senate.

# ഇടക്കാല തെരഞ്ഞെടുപ്പോടെ റിപബ്ലിക്കൻ പാർട്ടിക്ക് സെനറ്റിൽ 54 സീറ്റുകൾ ലഭിക്കുമെന്ന്

**ന്യൂഹാംഷെയർ :** നവംബർ 8 ഇടക്കാല തിരഞ്ഞെടുപ്പിന് മണിക്കൂറുകൾ ശേഷിക്കെ യു.എസ് സെനെറ്റിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ ശക്തി വർദ്ധിക്കുമെന്നും, നിലവിലുള്ള അൻപത് സീറ്റുകൾക്കപ്പുറം 54 സീറ്റുകളോടെ സെനെറ്റിലെ ഭൂരിപക്ഷം പിടിച്ചെടുക്കുമെന്നും തെരഞ്ഞെടുപ്പ് സർവേകൾ സൂചന നൽകുന്നു.കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിൽ ജോബൈഡനു 7 പോയിന്റ് വിജയം നൽകിയ സംസ്ഥാനം പോലും ഇത്തവണ റിപ്പബ്ലിക്കൻ പാർട്ടിക്ക് അനുകൂലമാണെന്ന് പൊളിറ്റികൊ പ്രവചിക്കുന്നു. ന്യൂഹാംഷെയർ സൈനറ്റ് സീറ്റിൽ നിലവിലുള്ള ഡെമോക്രാറ്റിക് സെനറ്റർ മഗി ഹസൻ ഇത്തവണ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡോൺ ബോൾഡിക്കിന്റെ മുമ്പിൽ പരാജയപ്പെടാനാണ് സാധ്യതയെന്നും പൊളിറ്റികൊ പ്രവചിക്കുന്നു. വാഷിംഗ്ടൺ സംസ്ഥാനത്തെ സൈനറ്റ് സീറ്റിൽ നിലവിലുള്ള ഡെമോക്രാറ്റിക് സെനറ്റർ പാറ്റി മുറെ റിപ്പബ്ലിക്കൻ സ്ഥാനാർഥി ടിഫനി സ്മെയിലിയെക്കാൾ പുറകിലാണ്. ഫ്ലോറിഡയിൽ നിന്നുള്ള സെനറ്റർ മാർക്കോ റൂബിയോ ഓരോ ദിവസവും ലീഡ് വർധിപ്പിച്ചു കൊണ്ടിരിക്കുന്നു. ന്യൂ ഹാംഷെയർനോടൊപ്പം അരിസോണ, ജോർജിയ, നെവേഡ, പെൻസിൽവാനിയ, വിസ്കോൺസിൽ തുടങ്ങിയ സംസ്ഥാനങ്ങളും റിപബ്ലിക്കൻ പാർട്ടിക്ക് അനുകൂലമായി വിധി എഴുതുമെന്ന് തന്നെയാണ് കണക്കാക്കുന്നത്. ഒഹായോ, വെർമോണ്ട് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് റിപ്പബ്ലിക്കൻ പാർട്ടി കൂടുതൽ പിടിമുറുക്കിയിരിക്കുന്നത്.നവംബർ 8 നു തന്നെ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുമ്പോൾ സെനറ്റിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് കേവലഭൂരിപക്ഷം ലഭിക്കുമെന്ന് തന്നെയാണ് രാഷ്ട്രീയ നിരീക്ഷകർ നൽകുന്ന സൂചന.







# ഐആർഎസിൽ നിന്നും ആനുകൂല്യം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 17

**ന്യൂയോർക്ക:**ഐ ആർ എസ്സിൽ നിന്ന് സമീപകാലത്തു കത്ത് ലഭിച്ചിട്ടുള്ളവർ , അത് അവഗണിക്കരുത്. നിങ്ങൾക്ക് അധിക പണത്തിന് അർഹതയുണ്ടെന്ന് വ്യക്തമാക്കുന്ന കത്തുകളാണിത്. ആയിരക്കണക്കിന് ഡോളർ മൂല്യമുള്ള ഉത്തേജക പേയ്മെന്റുകൾക്കും ടാക്സ് ക്രെഡിറ്റുകൾക്കും യോഗ്യത നേടുന്ന 9 ദശലക്ഷത്തിലധികം ആളുകൾക്ക് കത്തുകൾ അയയ്ക്കാൻ തുടങ്ങിയെന്ന് ടാക്സ് ഏജൻസി ഒക്ടോബർ പകുതിയോടെ പ്രഖ്യാപിച്ചിരുന്നു.കത്തുകൾ ലഭിച്ചേക്കാവുന്ന ആളുകളെ ട്രഷറിയുടെ ടാക്സ് അനാലിസിസ് ഓഫീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. സാധാരണഗതിയിൽ, ഈ വ്യക്തികൾക്ക് വളരെ കുറഞ്ഞ വരുമാനമുള്ളതിനാൽ അവരുടെ നികുതികൾ ഫയൽ ചെയ്യേണ്ടതില്ല. 2021 റിക്കവറി റിബേറ്റ് ക്രെഡിറ്റ്, ചൈൽഡ് ടാക്സ് ക്രെഡിറ്റ്, സമ്പാദിച്ച ആദായ നികുതി ക്രെഡിറ്റ് എന്നിവയ്ക്കായി ചില അമേരിക്കക്കാർക്ക് ഇപ്പോഴും പണം ക്ലെയിം ചെയ്യാമെന്ന് ഐആർഎസ് പ്രഖ്യാപിച്ചു.നികുതിദായകർക്ക് അവരുടെ ആനുകൂല്യങ്ങൾ ക്ലെയിം ചെയ്യുന്നതിന് സൗജന്യ ഫയൽ പ്രയോജനപ്പെടുത്താൻ നവംബർ 17 വരെ സമയമുണ്ട്. നോ-ചാർജ് സോഫ്റ്റ്വെയർ നവംബർ പകുതി വരെ ഐആർഎസ് വെബ്സൈറ്റിൽ ലഭ്യമാണ്. ഈ ആനുകൂല്യങ്ങൾക്ക് തങ്ങൾ അർഹരാണെന്ന് വിശ്വസിക്കുന്നവരും എന്നാൽ 2021 നികുതി റിട്ടേൺ ഫയൽ ചെയ്തിട്ടില്ലാത്തവരും ചൈൽഡ് ടാക്സ് ക്രെഡിറ്റ് വെബ്സൈറ്റിൽ അപേക്ഷിക്കാമെന്ന് ടാക്സ് ഏജൻസി അറിയിച്ചു. ഈ പേയ്മെന്റുകൾ നിങ്ങൾക്ക് നഷ്ടപ്പെടാതിരിക്കാൻ നിങ്ങളുടെ മെയിൽ രണ്ടുതവണയെങ്കിലും പരിശോധിച്ച് ഉറപ്പാക്കി അപേക്ഷകൾ ഉടൻ സമർപ്പിക്കണമെന്ന് ഐ ആർ എസിന്റെ അറിയിപ്പിൽ പറയുന്നു .



FILM WORLD




# രണ്ടാം വാരം ജയ ജയ ജയ ജയ ഹേ കൂടുതൽ തീയറ്ററുകളിലേക്ക്

ബോസിൽ ജോസഫും ദർശന രാജേന്ദ്രനും കേന്ദ്രകഥാപാത്രങ്ങളായി എത്തിയ ജയ ജയ ജയ ജയ ഹേ ഏറ്റെടുത്ത് പ്രേക്ഷകർ. ഒക്ടോബർ 28ന് റിലീസ് ചെയ്ത ചിത്രം മറ്റ് റിലീസുകൾക്കിടയിലും പ്രേക്ഷകർ സ്വീകരിച്ചു കഴിഞ്ഞു. ചിത്രം രണ്ടാം വാരത്തിലേക്ക് കടക്കുമ്പോൾ കൂടുതൽ തീയറ്ററുകളിലേക്ക് എത്തുകയാണ്. നൂറ്റിഅൻപത് തീയറ്ററുകളിൽ കളിച്ചിരുന്ന ചിത്രം രണ്ടാംവാരത്തിലേക്ക് കടക്കുമ്പോൾ 180 തീയറ്ററുകളിലായിരിക്കും പ്രദർശിപ്പിക്കുക. സിനിമ മുന്നോട്ടുവച്ച പ്രമേയവും ബേസിലും ദർശനയും അടക്കമുള്ള കഥാപാത്രങ്ങളുടെ പ്രകടനവുമാണ് ചിത്രം ഏറ്റെടുക്കാൻ കാരണം. ജയ ജയ ജയ ജയ ഹേയിലൂടെ മലയാളത്തിൽ മറ്റൊരു ഹിറ്റ് ചിത്രം കൂടി പിറന്നിരിക്കുകയാണ്.മുത്തുഗൗ, അന്താക്ഷരി തുടങ്ങിയ ചിത്രങ്ങൾ ഒരുക്കി ശ്രദ്ധ നേടിയ വിപിൻ ദാസാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. ചിയേഴ്സ് എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ലക്ഷ്മി വാര്യർ, ഗണേഷ് മേനോൻ എന്നിവരും സൂപ്പർ ഡ്യൂപ്പർ ഫിലിംസിന്റെ ബാനറിൽ അമൽ പോൾസനും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. ഐക്കൺ സിനിമാസാണ് ചിത്രത്തിന്റെ വിതരണക്കാർ. വിപിൻ ദാസും നാഷിദ് മുഹമ്മദ് ഫാമിയും ചേർന്നാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്.ബബ്ലു അജുവാണ് ഡയറക്ടർ ഓഫ് ഫോട്ടോഗ്രാഫി. ജോൺ കുട്ടിയാണ് എഡിറ്റിങ് കൈകാര്യം ചെയ്യുന്നത്. വിനായക് ശശികുമാർ, ശബരീഷ് വർമ്മ എന്നിവരുടെ വരികൾക്ക് സംഗീതം പകരുന്നത് അങ്കിത് മേനോനാണ്. ഫെലിക്സ് ഫുകുയോഷി റുവേ ആണ് സംഘട്ടന രംഗങ്ങൾ ഒരുക്കുന്നത്. കല- ബാബു പിള്ള, ചമയം- സുധി സുരേന്ദ്രൻ, വസ്ത്രലങ്കാരം- അശ്വതി ജയകുമാർ, നിർമാണ നിർവഹണം- പ്രശാന്ത് നാരായണൻ, മുഖ്യ സഹസംവിധാനം- അനീവ് സുരേന്ദ്രൻ, ധനകാര്യം- അഗ്നിവേഷ്, പ്രൊഡക്ഷൻ കോർഡിനേറ്റർ- ഐബിൻ തോമസ്, നിശ്ചല ചായാഗ്രഹണം- ശ്രീക്കുട്ടൻ, വാർത്താപ്രചരണം വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ പബ്ലിസിറ്റി ഡിസൈൻസ്- യെല്ലോ ടൂത്ത് എന്നിവരാണ് മറ്റ് അണിയറപ്രവർത്തകർ.






# ‘എ ഫാമിലി കോമഡി ഫൺ റൈഡ്’; രസിപ്പിച്ച് ശ്രീനാഥ് ഭാസിയും കൂട്ടരും; ‘പടച്ചോനേ ഇങ്ങള് കാത്തോളീ’ ട്രെയിലർ പുറത്ത്

ശ്രീനാഥ് ഭാസി കേന്ദ്രകഥാപാത്രമായി എത്തുന്ന പടച്ചോനേ ഇങ്ങള് കാത്തോളീ എന്ന ചിത്രത്തിന്റെ ട്രെയിലർ പുറത്തിറങ്ങി. കുടുംബ പശ്ചാത്തലത്തിലുള്ള കോമഡി എന്റർടെയ്നറാണ് ചിത്രം. രാഷ്ട്രീയവും ചിത്രത്തിൽ കടന്നുവരുന്നുണ്ട്. ശ്രീനാഥ് ഭാസി, അലൻസിയർ, ഗ്രേസ് ആന്റണി, വിജിലേഷ്, രാജേഷ് മാധവൻ, ആൻ ശീതൾ, അടക്കമുള്ളവർ ട്രെയിലറിലുണ്ട്.ഫിലിം എഡിറ്ററും സംവിധായകനുമായ ബിജിത്ത് ബാലയാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. ഹരീഷ് കണാരൻ, ദിനേശ് പ്രഭാകർ, നിർമ്മൽ പാലാഴി, ജോണി ആന്റണി, മാമുക്കോയ, ഷൈനി സാറ, സുനിൽ സുഗത, രഞ്ജി കങ്കോൽ, രസ്ന പവിത്രൻ, സരസ ബാലുശ്ശേരി, രഞ്ജിത്ത് മണമ്പ്രക്കാട്ട്, നതാനിയൽ മഠത്തിൽ, നിഷ മാത്യു, ഉണ്ണിരാജ, മൃദുല തുടങ്ങിയവരാണ് ചിത്രത്തിലെ മറ്റ് അഭിനേതാക്കൾ. ടൈനി ഹാൻഡ്സ് പ്രൊഡക്ഷൻസിന്റെ ബാനറിൽ ജോസുകുട്ടി മഠത്തിൽ, രഞ്ജിത്ത് മണമ്പ്രക്കാട്ട് എന്നിവർ ചേർന്നാണ് ചിത്രം നിർമിക്കുന്നത്. പ്രദീപ് കുമാറാണ് ചിത്രത്തിന്റെ തിരക്കഥാകൃത്ത്. നിധീഷ് നടേരി, ബി. കെ ഹരിനാരായണൻ, മനു മഞ്ജിത്ത് എന്നിവരുടെ വരികൾക്ക് ഷാൻ റഹ്മാൻ സംഗീതസംവിധാനം നിർവഹിക്കുന്നു. കിരൺ ദാസ് എഡിറ്റിങ്ങും വിഷ്ണു പ്രസാദ് ഛായാഗ്രഹണവും രഞ്ജിത്ത് മണലിപറമ്പിൽ മേക്കപ്പും ചെയ്യുന്നു. പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ. സുജിത്ത് മട്ടന്നൂർ ആണ് വസ്ത്രാലങ്കാരമൊരുക്കിയത്. പി ആർ ഓ മഞ്ജു ഗോപിനാഥ്.

BUSINESS NEWS



# ഭിന്നശേഷിക്കാർക്കുള്ള കാവിന് കെയർ എബിലിറ്റി അവാർഡിനായി നാമനിർദ്ദേശങ്ങൾ ആരംഭിച്ചിരിക്കുന്നു

**കൊച്ചി/ചെന്നൈ:** ഭിന്നശേഷിയുള്ളവരുടെ സ്ഥിരോത്സാഹത്തിന് അംഗീകാരം നൽകുന്നതിനായി കാവിൻകെയറും എബിലിറ്റി ഫൗണ്ടേഷനും ചേർന്ന് നടത്തുന്ന 21-ാമത് കാവിൻകെയർ എബിലിറ്റി അവാർഡ് 2023-ലേക്ക് നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. രാജ്യത്തെമ്പാടും മികച്ച നേട്ടങ്ങൾ കൈവരിച്ച തിരഞ്ഞെടുത്ത വ്യക്തികൾക്കായി രണ്ട് പ്രമുഖ വിഭാഗങ്ങൾക്ക് കീഴിലാണ് അവാർഡുകൾ നൽകുന്നത് - കാവിൻകെയർ എബിലിറ്റി അവാർഡ് ഫോർ എമിനൻസ്, കാവിൻകെയർ എബിലിറ്റി മാസ്റ്ററി അവാർഡ് എന്നിവയാണ് അവ. 2003-ൽ സ്ഥാപിതമായ ഈ അവാർഡ് അതിന്റെ 20 വർഷത്തെ യാത്രയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് പരമ്പരാഗതമായി തുടർന്നുവരുന്ന വെല്ലുവിളികളെ നേരിട്ടുകൊണ്ട് കുതിച്ചുയർന്ന 85 വൈകല്യമുള്ള വ്യക്തികളെ അംഗീകാരം നൽകി ആദരിച്ചിട്ടുണ്ട്. നോമിനേഷനുകൾക്കുള്ള അവസാന തീയതി - 2022 നവംബർ 20 ഞായറാഴ്ച. ഓൺലൈൻ നോമിനേഷൻ ഫോമുകൾക്കായി ദയവായി www.abilityfoundation.org അല്ലെങ്കിൽ www.cavinkare.com എന്നതിലേക്ക് ലോഗിൻ ചെയ്യുക ുക




# പ്രാഥമിക ഓഹരി വിൽപ്പനയിലേക്ക് ചുവടുറപ്പിക്കാൻ ആകാശ് ബൈജൂസ്

പ്രാഥമിക ഓഹരി വിൽപ്പന നടത്താനൊരുങ്ങി ആകാശ് എജുക്കേഷണൽ സർവീസസ്. ബൈജൂസിന് കീഴിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് സെന്റർ ശൃംഖലയാണ് ആകാശ് എജുക്കേഷണൽ സർവീസസ് .റിപ്പോർട്ടുകൾ പ്രകാരം, ഐപിഒയിലൂടെ ഒരു ബില്യൺ ഡോളറോളം (ഏകദേശം 8,000 കോടി രൂപ) സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.2023 ഓഗസ്റ്റ്- സെപ്തംബർ കാലയളവിലാണ് ഐപിഒ നടത്താൻ തീരുമാനിച്ചിരിക്കുന്നത്. കണക്കുകൾ പ്രകാരം, 3.5 ബില്യൺ ഡോളർ മുതൽ 4 ബില്യൺ ഡോളർ വരെയാണ് ആകാശ് ബൈജൂസിന്റെ മൂല്യം കണക്കാക്കുന്നത്. ആദ്യ ഘട്ടത്തിൽ ആകാശ് ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യും. ലിസ്റ്റിംഗ് കഴിഞ്ഞതിനുശേഷം മാത്രമാണ് മാതൃ കമ്പനിയായ ബൈജൂസ് ഐപിഒ ആരംഭിക്കുക. കഴിഞ്ഞ വർഷമാണ് ബൈജൂസ് ആകാശിനെ ഏറ്റെടുത്തത്. 950 മില്യൺ ഡോളറായിരുന്നു ഇടപാട് മൂല്യം. ബെംഗളൂരു ആസ്ഥാനമായി 1988- ലാണ് ആകാശ് ആദ്യമായി പ്രവർത്തനമാരംഭിച്ചത്. നിലവിൽ, ആകാശിന് രാജ്യത്തുടനീളം ഇരുന്നൂറിലധികം കേന്ദ്രങ്ങളുണ്ട്.

# സൂര്യയുടെ വെടിക്കെട്ടിൽ ഇന്ത്യയുടെ വിജയാഘോഷം



**മെൽബൺ:** ഒരിക്കൽ കൂടി കത്തിപ്പടർന്ന സൂര്യകുമാർ യാദവിന്റെയും തുടർച്ചയായ രണ്ടാം മത്സരത്തിലും തകർപ്പൻ അർധ സെഞ്ചുറിയുമായി കളം നിറഞ്ഞ കെ.എൽ രാഹുലിന്റെയും മൂന്ന് വിക്കറ്റ് വീഴ്ത്തിയ ആർ. അശ്വിന്റെയും മികവിൽ ട്വന്റി 20 ലോകകപ്പിൽ സിംബാബ്വെക്കെതിരെ ഇന്ത്യക്ക് 71 റൺസിന്റെ തകർപ്പൻ ജയം.കളി തുടങ്ങും മുമ്പെ സെമി ഉറപ്പിച്ച ഇന്ത്യ ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുക്കുകയായിരുന്നു. 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 186 റൺസ് നേടിയ ഇന്ത്യക്കെതിരെ സിംബാബ്വെ 115 റൺസിന് പുറത്തായി. ആർ. അശ്വിൻ നാലോവറിൽ 22 റൺസ് മാത്രം വഴങ്ങി മൂന്ന് വിക്കറ്റ് വീഴ്ത്തിയപ്പോൾ മുഹമ്മദ് ഷമി, ഹാർദിക് പാണ്ഡ്യ എന്നിവർ രണ്ട് വിക്കറ്റ് വീതം നേടി. ഭുവനേശ്വർ കുമാർ, അർഷ്ദീപ് സിങ്, അക്സർ പട്ടേൽ എന്നിവർ ഓരോ വിക്കറ്റ് സ്വന്തമാക്കി.ഇന്ത്യക്കായി സൂര്യകുമാർ യാദവ് 25 പന്തിൽ നാല് സിക്സും ആറ് ഫോറും സഹിതം പുറത്താകാതെ 61 റൺസ് അടിച്ചു കൂട്ടിയപ്പോൾ രാഹുൽ 35 പന്തിൽ 51 റൺസെടുത്ത് സിക്കന്ദർ റാസയുടെ പന്തിൽ പുറത്തായി. 25 പന്തിൽ 26 റൺസ് നേടിയ കോഹ്ലിയെ വില്യംസിന്റെ പന്തിൽ ബേൾ പിടിച്ച് പുറത്താക്കി. ക്യാപ്റ്റൻ രോഹിത് ശർമ 13 പന്തിൽ 15 റൺസെടുത്ത് മടങ്ങി. ലോകകപ്പിൽ ആദ്യമായി അവസരം ലഭിച്ച ഋഷഭ് പന്ത് അഞ്ച് പന്തിൽ മൂന്ന് റൺസെടുത്ത് വില്യംസിന് വിക്കറ്റ് സമ്മാനിച്ചപ്പോൾ ആൾറൗണ്ടർ ഹാർദിക് പാണ്ഡ്യ 18 പന്തിൽ അത്രയും റൺസെടുത്ത് പുറത്തായി. അക്സർ പട്ടേൽ റൺസൊന്നുമെടുക്കാതെ പുറത്താവാതെ നിന്നു.സിംബാബ്വെക്ക് വേണ്ടി സീൻ വില്യം സ് രണ്ടോവറിൽ ഒമ്പത് റൺസ് മാത്രം വഴങ്ങി രണ്ടു വിക്കറ്റ് വീഴ്ത്തിയപ്പോൾ റിച്ചാർഡ് എൻഗരാവ, ബ്ലസ്സിങ് മുസറബാനി, സിക്കന്ദർ റാസ എന്നിവർ ഓരോ വിക്കറ്റ് നേടി.



# ബംഗ്ലാദേശിനെ അഞ്ചു വിക്കറ്റിന് കീഴടക്കി പാകിസ്താനും സെമിയിൽ

**അഡലെയ്ഡ്:** ട്വൻറി20 ലോകകപ്പിലെ നിർണായക മത്സരത്തിൽ ബംഗ്ലാദേശിനെ കീഴടക്കി പാകിസ്താൻ സെമിയിൽ. അഞ്ചു വിക്കറ്റിനാണ് ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയത്.ബംഗ്ലാദേശ് കുറിച്ച 128 റൺസ് വിജയലക്ഷ്യം 11 പന്തുകൾ ബാക്കി നിൽക്കെ പാകിസ്താൻ മറികടന്നു. സ്കോർ ബോർഡ് - ബംഗ്ലാദേശ് എട്ടു വിക്കറ്റിന് 127. പാകിസ്താൻ അഞ്ചു വിക്കറ്റിന് 128. രാവിലെ നടന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്ക നെതർലൻഡ്സിനോട് അട്ടിമറി തോൽവി വഴങ്ങി ലോകകപ്പിൽ നിന്ന് പുറത്തായതോടെയാണ് പാകിസ്താനും ബംഗ്ലാദേശിനും സെമി സാധ്യത തെളിഞ്ഞത്. സിംബാബ്വെക്കെതിരായ മത്സരത്തിന് കാത്തുനിൽക്കാതെ തന്നെ ഇന്ത്യ സെമി ഉറപ്പിച്ചിരുന്നു.ജയിക്കുന്നവർക്ക് സെമിയിൽ കടക്കാമായിരുന്നു. പാകിസ്താനുവേണ്ടി ഓപ്പണർമാരായ മുഹമ്മദ് റിസ്വാനും ബാബർ അസമും മികച്ച തുടക്കം നൽകി. ഇരുവരും ഒന്നാം വിക്കറ്റിൽ 57 റൺസാണ് സ്കോർബോർഡിൽ കൂട്ടിച്ചേർത്തത്. റിസ്വാൻ 32 പന്തിൽ 32 റൺസെടുത്തു. ബാബർ 33 പന്തിൽ 25 റൺസുമായി മടങ്ങി.നാല് റൺസെടുത്ത മുഹമ്മദ് നവാസ് റണ്ണൗട്ടായി. തുടർന്ന് മുഹമ്മദ് ഹാരിസും ഷാൻ മസൂദും ചേർന്ന് ടീമിനെ വിജയ റണ്ണിനടുത്തെത്തിച്ചു. ടീം 121ൽ എത്തിനിൽക്കെ 31 റൺസുമായി ഹാരിസ് മടങ്ങി. ഇഫ്തിക്കാർ ഒരു റൺസുമായി വേഗം മടങ്ങി. പിന്നാലെ ഷദാബ് ഖാനെയും കൂട്ടുപിടിച്ച് മസൂദ് ടീമിനെ വിജയത്തിലെത്തിച്ചു. താരം 14 പന്തിൽ 24 റൺസെടുത്തു. ബംഗ്ലാദേശിനായി നാസും അഹ്മദ്, ശാകിബുൽ ഹസൻ, ഹുസൈൻ, മുസ്തഫിസുർ അഹ്മദ് എന്നിവർ ഓരോ വിക്കറ്റ് വീതം നേടി.ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ബംഗ്ലാദേശിനെ പാക് ബൗളർമാർ 127 റൺസിൽ വരിഞ്ഞുമുറുക്കുകയായിരുന്നു. ഓപണർ നജ്മുൽ ഹുസൈൻ ഷാന്തോയാണ് ടോപ് സ്കോറർ. താരം 48 പന്തിൽ 54 റൺസെടുത്തു. ലിറ്റൺ ദാസ് 10 റൺസുമായി മടങ്ങി. സൗമ്യ സർക്കാർ 20 റൺസെടുത്തു. നേരിട്ട ആദ്യ പന്തിൽ തന്നെ നായകൻ ശാകിബുൽ ഹസൻ വിക്കറ്റിനു മുന്നിൽ കുരുങ്ങി. അഫീഫ് ഹുസൈൻ 24 പന്തിൽ 20 റൺസെടുത്ത് പുറത്തായി. പിന്നീടെത്തിയ ആർക്കും രണ്ടക്കം കടക്കാനായില്ല.ടൂർണമെന്റിൽ മോശം ഫോമിലായിരുന്ന ഷഹിൻഷാ അഫ്രീദി നാല് ഓവറിൽ 22 റൺസ് വഴങ്ങി നാല് വിക്കറ്റെടുത്തു. ഷദാബ് ഖാന് രണ്ടും ഹാരിസ് റഊഫിനും ഇഫ്തികാർ അഹ്മദിനും ഓരോ വിക്കറ്റ് വീതവും ലഭിച്ചു.



# സയ്യിദ് മുഷ്താഖ് അലി ട്രോഫി: മുംബൈക്ക് ഒന്നാം കിരീടം നേടിക്കൊടുത്തത് സർഫറാസ്

ശനിയാഴ്ച കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ നടന്ന ഫൈനലിൽ ഹിമാചൽ പ്രദേശിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ച് സ്റ്റാർ പ്ലെയർ സർഫറാസ് ഖാന്റെയും തനുഷ് കൊട്ടിയന്റെയും മികച്ച പ്രകടനത്തിന്റെ കരുത്തിൽ മുംബൈ തങ്ങളുടെ ആദ്യ സയ്യിദ് മുഷ്താഖ് അലി ട്രോഫി കിരീടം സ്വന്തമാക്കി.ആദ്യമായി ഫൈനലിലെത്തിയ ഇരു ടീമുകളും ഫൈനലിൽ ആവേശകരമായ പ്രകടനം നടത്തി. 144 റൺസ് പിന്തുടർന്ന മുംബൈയ്ക്ക് വെറ്ററൻ ഓൾറൗണ്ടർ ഋഷി ധവാൻ രണ്ട് ഞെട്ടലുകൾ നൽകി, ഓപ്പണർമാരായ പൃഥ്വി ഷായെയും (11) ക്യാപ്റ്റൻ അജിങ്ക്യ രഹാനെയെയും (1) മടക്കി.മുംബൈ 28/2 എന്ന നിലയിലായി. ആറ് ഓവറിൽ പവർപ്ലേ അവസാനിക്കുമ്പോൾ 43/2 എന്ന നിലയിലാണ് മുംബൈ, ശ്രേയസ് അയ്യരും (9*) യശസ്വി ജയ്സ്വാളും (15*) പുറത്താകാതെ ക്രീസിൽ. ജയ്സ്വാളും അയ്യരും തമ്മിലുള്ള 41 റൺസിന്റെ ഈ കൂട്ടുകെട്ടിന് മായങ്ക് ദാഗർ വിരാമമിട്ടത് മുൻ താരത്തെ 27 റൺസിന് പുറത്താക്കി. അയ്യർ (34), ശിവം ദുബെ (7), അമൻ ഹക്കിം ഖാൻ (6) എന്നിവരെ മടക്കി അയച്ചുകൊണ്ട് മീഡിയം പേസർ വൈഭവ് അറോറ ഹിമാചലിന്റെ മുംബൈയുടെ നിയന്ത്രണം ശക്തമാക്കി.19 പന്തിൽ 28 റൺസ് വേണ്ടിയിരുന്ന മുംബൈ 16.5 ഓവറിൽ 116/6 എന്ന നിലയിലായി. ഓൾറൗണ്ടർ ഷംസ് മുലാനി (2) ദാഗറിന്റെ രണ്ടാമത്തെ ഇരയായി. സർഫറാസ് 36* റൺസിന്റെ നിർണായക പ്രകടനം നടത്തി, മറുവശത്ത് തനുഷ് കോട്ടിയനുമായി (9*) മുംബൈയുടെ വിജയ കുറിപ്പിൽ മത്സരം പൂർത്തിയാക്കി. നീണ്ട ഫോർമാറ്റിൽ ദൈർഘ്യമേറിയ ഇന്നിംഗ്സുകൾ കളിച്ച് തന്റെ ദൃഢനിശ്ചയവും ഉരുക്ക് വശവും കാണിച്ചതിന് ശേഷം, 'ഫിനിഷർ' സർഫറാസ് ക്ലച്ചിലൂടെ വന്ന് മൂന്ന് പന്തുകൾ ശേഷിക്കെ തന്റെ ടീമിനെ കിരീടത്തിലേക്ക് കൊണ്ടുപോയി.



# ലോകകപ്പ് ടീമിലെ ശ്രീലങ്കൻ താരം ധനുഷ്ക ഗുണതിലക ബലാത്സംഗ കേസിൽ അറസ്റ്റിൽ

**അഡലെയ്ഡ്:** ബലാത്സംഗ കേസിൽ ശ്രീലങ്കൻ ക്രിക്കറ്റ് താരം ധനുഷ്ക ഗുണതിലകയെ സിഡ്നിയിൽ അറസ്റ്റ് ചെയ്തതായി റിപ്പോർട്ട്. ഞായറാഴ്ച പുലർച്ചെ അറസ്റ്റ് ചെയ്ത താരത്തെ, സിഡ്നി സിറ്റി പൊലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.ട്വൻറി20 ലോകകപ്പിലെ ലങ്കൻ സ്ക്വാഡിലുണ്ടായിരുന്ന താരമാണ് ധനുഷ്ക. കഴിഞ്ഞ രണ്ടിന് യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് അറസ്റ്റ്. ബലാത്സംഗ കേസിൽ ധനുഷ്കയെ അറസ്റ്റ് ചെയ്തു. അദ്ദേഹമില്ലാതെയാണ് ലങ്കൻ താരങ്ങൾ നാട്ടിലേക്ക് മടങ്ങിയതെന്നും ശ്രീലങ്കൻ ടീമുമായി ബന്ധപ്പെട്ട അടുത്ത വൃത്തങ്ങൾ അറിയിച്ചു.ശനിയാഴ്ച സൂപ്പർ 12ലെ മത്സരത്തിൽ ഇംഗ്ലണ്ടിനോട് തോറ്റിരുന്നു. ഗ്രൂപ്പിൽ നാലാമതുള്ള ടീം നേരത്തെ തന്നെ സെമി കാണാതെ പുറത്തായിരുന്നു. ലോകകപ്പിലെ ഒരു മത്സരത്തിൽ മാത്രമാണ് ധനുഷ്ക ടീമിനുവേണ്ടി കളിച്ചത്. ഗ്രൂപ്പ് റൗണ്ടിൽ നമീബിയക്കെതിരായ ആദ്യ മത്സരത്തിൽ ഇറങ്ങിയ താരം പൂജ്യം റണ്ണിന് പുറത്തായി.പരിക്കിനെ തുടർന്ന് പിന്നീടുള്ള മത്സരങ്ങളിൽ കളിക്കാനായില്ല. റോസ് ബെയിലെ വസതിയിൽവെച്ച് 29കാരിയെ ലൈംഗികമായി അതിക്രമിച്ചെന്നാണ് പരാതി. വിഷയത്തിൽ ശ്രീലങ്കൻ ടീം അധികൃതർ ഇതുവരെ പ്രതികരിച്ചിട്ടില്ല.

# പെനാൽറ്റി നഷ്ടപ്പെടുത്തി ലെവൻഡോസ്കി; ജയത്തോടെ ജെറാർഡ് പിക്വെയെ യാത്രയാക്കി ബാഴ്സ



സ്പാനിഷ് ലാ ലിഗയിൽ കരുത്തരായ ബാഴ്സക്ക് ജയം. സ്വന്തം തട്ടകത്തിൽ എതിരില്ലാത്ത രണ്ടു ഗോളിനാണ് ബാഴ്സ അൽമേരിയയെ കീഴടക്കിയത്.ജയത്തോടെ പ്രതിരോധ താരം ജെറാർഡ് പിക്വെ ക്ലബ് ഫുട്ബാളിൽനിന്ന് വിരമിച്ചു. 2008 മുതൽ ബാഴ്സക്കൊപ്പമുള്ള യാത്രയാണ് താരം അവസാനിപ്പിച്ചത്. ഉസ്മാൻ ഡെംബെലെ (48), ഫ്രാങ്ക് ഡി ജോങ് (62) എന്നിവരാണ് ബാഴ്സക്കുവേണ്ടി ഗോൾ നേടിയത്.മത്സരത്തിന്റെ ആറാം മിനിറ്റിൽ ബാഴ്സക്ക് അനുകൂലമായി പെനാൽറ്റി ലഭിച്ചെങ്കിലും കിക്ക് എടുത്ത റോബർട്ട് ലെവൻഡോവ്സ്കിക്ക് ലക്ഷ്യം കാണാനായില്ല. ജയത്തോടെ പോയൻറ് ടേബിളിൽ ബാഴ്സ വീണ്ടും ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചു. 12 മത്സരങ്ങളിൽനിന്നായി 11 ജയവും ഒരു തോൽവിയും ഒരു സമനിലയുമായി 34 പോയൻറാണുള്ളത്. രണ്ടാമതുള്ള റയലിലിന് 32 പോയൻറും.മറ്റു മത്സരങ്ങളിൽ ജിറോണ 2-1ന് അത്ലെറ്റിക്കൊ ബിൽബാവൊയെയും വയ്യഡോലിഡ് 2-1ന് എൽചെയെയും ഒസാസുന 2-1ന് സെൽറ്റ വിഗൊയെയും തോൽപ്പിച്ചു.

EDITORS CHOICE




# 'വാച്ച് യുവർ നെയ്ബർ' എന്ന പേരിൽ പോലീസിന് പദ്ധതികൾ ഇല്ല

കൊച്ചി: 'വാച്ച് യുവർ നെയ്ബർ' എന്ന പേരിൽ കേരള പോലീസിന് നിലവിൽ പദ്ധതികൾ ഒന്നുമില്ലെന്നും കൊച്ചി സിറ്റി പോലീസ് നടപ്പാക്കുന്നത് 'സേഹലോ ടു യുവർ നെയ്ബർ (ടമ്യ ഒലഹഹീ ീ ഥീൗ ചളശഴവയീൗൃടഒഥ ചലഷൈൻ)' എന്ന പദ്ധതിയാണെന്നും പോലീസ് വകുപ്പ് വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.അയൽവാസികളുമായി മികച്ച ബന്ധം സ്ഥാപിച്ച് പരസ്പരം സൗഹൃദം ഉറപ്പാക്കുന്നതുവഴി പൊതുസുരക്ഷ ശക്തിപ്പെടുത്തുന്നതിന് കൊച്ചി സിറ്റി പോലീസ് ആരംഭിച്ച സോഷ്യൽ മീഡിയ ക്യാമ്പയിനാണ് സെഹലോ ടു യുവർ നെയ്ബർ. നഗരങ്ങളിലെ അപ്പാർട്ട്മെൻറ് സമുച്ചയങ്ങളിൽ തൊട്ടയൽപക്കത്തെ താമസക്കാർ ആരെന്നറിയാതെ ഒറ്റപ്പെട്ടു ജീവിക്കുന്നത സുരക്ഷിതമല്ലെന്ന വിലയിരുത്തലിലാണ് പോലീസ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്.

സുഹൃദ്ബന്ധങ്ങളും കൂട്ടായ്മകളും വർധിപ്പിച്ച് അയൽപക്കങ്ങൾ തമ്മിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് പദ്ധതിയിലൂടെ പോലീസ് ഉദ്ദേശിക്കുന്നത്. ഫ്ളാറ്റുകളിലും മറ്റും ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരൻമാരുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാൻ അയൽക്കാർ തമ്മിലുള്ള നല്ല സൗഹൃദത്തിലൂടെ കഴിയും. അയൽപക്കത്തെ കുടുംബങ്ങൾ തമ്മിലുള്ള പരസ്പര അടുപ്പം കുട്ടികളുടെ ഒത്തുചേരലിന് വഴിവയ്ക്കും. അയൽവാസികളെ [illegible]ിഞ്ഞ് പരസ്പരം കൈത്താങ്ങാകുന്നതിലൂടെ സുരക്ഷിതത്വം വർധിക്കും.

അപ്പാർട്ട്മെൻറ് സമുച്ചയങ്ങളിലെ കുട്ടികളുടെ പാർക്കുകളിലെ സന്ദർശനം, ജോലി സ്ഥലത്തേയ്ക്ക് ഒരുമിച്ചുള്ള യാത്ര എന്നിവയിലൂടെയും ഗൃഹസന്ദർശനങ്ങളിലൂടെയും സൗഹൃദം ഊട്ടിയുറപ്പിക്കാൻ പ്രേരിപ്പിക്കുകയാണ് പോലീസിൻറെ പദ്ധതിയുടെ ലക്ഷ്യം. കഴിഞ്ഞ ഏതാനും മാസങ്ങളായി കൊച്ചി നഗരത്തിൽ ഈ പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നതായും വാർത്താക്കുറിപ്പ് വ്യക്തമാക്കുന്നു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com